
ANNE'S
Digest
FEBRUARY
2024
വിഭൂതി
ST. ANNE'S CHURCH
WEST FORT, THRISSUR - 680 004.

Wedded on
28.01.2024



## Ann Matilda

D/o. Mrs. Nirmala Fernandez &
Mr. Antony Fernandez
Fernz (H), S.N Park
P.O. Poothole, Thrissur

&

## Lijo Lazar

S/o. Mrs. Omana Lazar &
Mr. Lazar A.K.
Arimboor (H), North Thoravu,
P.O. Pudukkad, Thrissur



# സെന്റ് ആൻസ് ചർച്ച്, തൃശൂർ

തൃശൂർ – 680 004


**Vicar Personal Mob : 8903211951**
**Church Off: 8281832244**

web site:stanneschurchthrissur.com
e-mail : st.annesparishtcr@gmail.com
facebook : stannesparishtcr



## പത്രാധിപസമിതി

വാല്യം: 35 | ലക്കം: 2

- **ചീഫ് എഡിറ്റർ**
  റവ.ഫാ. ജോൺസൺ അന്തിക്കാടൻ 8903211951
- **എക്സി. എഡിറ്റർ**
  പോളി ആഗസ്റ്റിൻ കൂള 9446356857
- **സെക്രട്ടറി**
  ബിജി സജു 9947024137
- **ട്രഷറർ**
  ഫ്രാൻസി ആന്റണി 9447918438

**ബോർഡ് അംഗങ്ങൾ**

ഫ്രാൻസീസ് ചക്കാലയ്ക്കൽ 9074923401
ബിജു ആലപ്പാട്ട് 9847069639
ജോളി കുര്യാക്കോസ് 7293103400
അനിറ്റ ജോസ് 9400887792
സോളമൻ ബ്രഹ്മകുളം 9995402660
നോബിൾ പാട്രിക് 8907139955

- **കൈക്കാരന്മാർ**

ബിജു പൗലോസ് 8590951469
ബിജോയ് മൂക്കൻ 9745844224
ഡേവി പടിക്കല 9488515110
സോളമൻ ബ്രഹ്മകുളം 9995402660



## ഉള്ളടക്കം


എഡിറ്റോറിയൽ
ഇടയശബ്ദം
സാഡിസ്റ്റായാൽ
ഓർമ്മിക്കേണ്ട വിശേഷപ്പെട്ട ദിവസങ്ങൾ
ഓർക്കുക – തെറ്റുപറ്റുക സ്വാഭാവികമാണ്
അനുദിന വിശുദ്ധർ
കുടുംബകൂട്ടായ്മ വാർത്തകൾ
സഭാവാർത്തകൾ
മുകളിലേക്ക് പോയ സ്വർണ്ണ കീരീടം
വിദ്യാർത്ഥികളോട്
കുടുംബക്ഷേമനിധി
അതിരുകല്പിക്കാൻ വൈകുംതോറും
കണ്ണീരോർമ്മയായ് സിറിലച്ചൻ
ബൈബിൾ ക്വിസ്
കളറിങ്ങ് മത്സരം
അനുദിന ബൈബിൾ വായന



- **ദൈവാലയ ശുശ്രൂഷി**
  കെ.പി. വർഗ്ഗീസ് 9495462449
- **ക്ലർക്ക്**
  ചാക്കോ തെക്കിനിയത്ത് 9895105564
  ഫ്രാൻസിസ് തരൂക്കര 8281832244

# EDITORIAL



ആദിമ ക്രിസ്ത്യാനികളുടെ കാലഘട്ടത്തിൽ അനവധി രക്തസാക്ഷികളിൽ, ഒരു രക്തസാക്ഷിയാണ് വി. സെബസ്ത്യാനോസ്. കേരള ക്രൈസ്തവന്റെ സ്വന്തമാണ് വിശുദ്ധനായ സെബസ്ത്യാനോസ്. നമ്മുടെ ഓരോരുത്തരുടേയും ജീവിതത്തിന്റെ ഭാഗമാണ്. തലമുറകളായി കൈമാറിപ്പോന്ന പാരമ്പര്യങ്ങൾ നമ്മുടെ വിശ്വാസത്തെ ഏറെ സ്വാധീനിക്കുന്നുണ്ട്. പകർച്ചവ്യാധികളേയും മാറാരോഗങ്ങളേയും സുഖപ്പെടുത്തുന്ന മദ്ധ്യസ്ഥനായാണ് വി. സെബസ്ത്യാനോസ് അറിയപ്പെടുന്നത്. നമ്മുടെ ഇടവകതിരുനാളിന്റെ ആഘോഷങ്ങളും ഒരുക്കങ്ങളും നടക്കുമ്പോൾ നമുക്ക് ചിന്തിക്കാൻ കഴിയണം, നമ്മുടെ ആഘോഷങ്ങളിൽ ആത്മീയ മൂല്യങ്ങൾ നഷ്ടപ്പെടുന്നുണ്ടോ എന്ന്.

ഇത്തരം ചിന്തകൾ മനസ്സിൽ ചേർത്തുവയ്ക്കുമ്പോൾ നമ്മുടെ മനസ്സിലേക്ക് ഓടിവരുന്ന ചിത്രങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് യേശുക്രിസ്തുവിന്റെ പീഡാനുഭവ ചിന്തകൾ നിറഞ്ഞുനിൽക്കുന്ന സഹനത്തിന്റെ യാത്ര. വേദനകൾ അടക്കിപ്പിടിച്ച് മനുഷ്യകുലത്തിന്റെ രക്ഷയ്ക്കായി മൗനം വരിക്കുന്ന സ്നേഹതാതൻ. ക്രിസ്തു ജീവിതത്തിന്റെ നനുനനുത്ത പ്രഹരങ്ങളെ നെഞ്ചോട് ചേർത്തുവയ്ക്കുന്ന ദിനങ്ങൾ. അതായത് യേശുക്രിസ്തുവിന്റെ പീഡാനുഭവചിന്തകൾ നിറഞ്ഞുനിൽക്കുന്ന പുണ്യദിനങ്ങളായി നോമ്പുകാലം ആഗതമാകുകയാണ്. ക്രിസ്തുജീവിതത്തിന്റെ പെസഹാരഹസ്യങ്ങൾ ധ്യാനിച്ചുകൊണ്ട് ഉപവാസം, പ്രാർത്ഥന, ദാനധർമ്മം തുടങ്ങിയ വിശുദ്ധീകരണവഴികളിലൂടെ നാം യാത്രയാരംഭിക്കുന്നു. തിന്മയുടെ പിടിയിൽനിന്ന് മനുഷ്യകുലത്തെ രക്ഷിക്കാൻ വന്ന യേശുനാഥൻ നമ്മുടെ പാപപരിഹാരത്തിനായി കുരിശിൽ തറയ്ക്കപ്പെട്ടതിന്റെ നമ്മെ വിശുദ്ധീകരണത്തിലേക്കും അനുരഞ്ജ്ജനത്തിലേക്കും നയിക്കുന്ന കാലം. ഇതാ ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്. മനുഷ്യകുലത്തിന്റെ പാപപരിഹാരത്തിനുള്ള ബലിയാടായ ഈശോയെക്കുറിച്ച് പറയുന്ന മനോഹരവാക്യം.

ഈ വിശുദ്ധ നോമ്പുകാലം നമുക്ക് അനുതാപത്തിന്റേയും അനുരഞ്ജ്ജന കൂദാശയുടേയും നവ്യമായ ഒരനുഭവം സമ്മാനിക്കട്ടെ. നിർമ്മല ഹൃദയത്തിനായി നമുക്ക് ദാഹിക്കാം. മാനസാന്തരത്തിന്റെ ജീവിതങ്ങളായി നമുക്കു മാറാം.

പത്രാധിപസമിതി




# സാത്താനേ ദൂരേ പോ...

"അച്ചാ, ഞാൻ ഒരു കാര്യം ചോദിക്കട്ടേ?" 8-ാം ക്ലാസ്സിൽ പഠിക്കുന്ന എന്റെ ഗേൾഫ്രണ്ട് ഏതോ വലിയകാര്യം ചോദിക്കാനുള്ള ഒരുക്കത്തിലാണ്. ഞങ്ങൾ തമ്മിൽ വലിയ സ്നേഹത്തിലായതുകൊണ്ട് അവൾക്ക് എന്നോട് എന്തും മടികൂടാതെ ചോദിക്കാനും പറയാനുമുള്ള സ്വാതന്ത്ര്യമുണ്ട്. എനിക്ക് ഏറെ വാത്സല്യമുള്ള അവളുടെ ചോദ്യങ്ങൾ പലപ്പോഴും സാധാരണയിൽ നിന്ന് വ്യത്യാസപ്പെട്ടതാണ്. ഇത്തവണ അവൾക്കറിയേണ്ടത് പിശാചുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ രൂപം എങ്ങനെയാണ്? സിനിമയിലും സീരിയലിലും ഒക്കെ കാണുന്ന പിശാചുക്കൾ ശരിക്കും ഉള്ളതാണോ? എന്നൊക്കെയാണ്.

വാത്സല്യത്തോടെ ഞാൻ അവളോട് പറഞ്ഞു: "മോളേ, ദൈവം ഉണ്ട് എന്ന് പറയുന്നതുപോലെ വാസ്തവമാണ് പിശാച് ഉണ്ട് എന്നുള്ളതും. ഇനി പിശാചിന്റെ രൂപം - അതിന് അങ്ങനെ പ്രത്യേകിച്ച് രൂപമൊന്നുമില്ല, എന്നാൽ ഓരോരോ സ്ഥലങ്ങളിൽ ഓരോരോ വ്യത്യസ്ത രൂപത്തിലൊക്കെ അത് പ്രത്യക്ഷപ്പെടാറുണ്ട്. സിനിമയിലും സീരിയലിലും കാണുന്നതൊന്നുമല്ല അതിന്റെ രൂപം; അത് സിനിമാക്കാരുടെ ഭാവനയാണ്." ഞാൻ ഇങ്ങനെയൊക്കെ പറഞ്ഞ് അവസാനിപ്പിക്കാൻ ശ്രമിച്ചെങ്കിലും അവൾ എന്നെ വിടാനുള്ള മട്ടില്ല. പിന്നേയും ചോദ്യങ്ങൾ- " അങ്ങനെയെങ്കിൽ പിശാചിന്റെ ശരിക്കുള്ള രൂപമെന്താണ്? എങ്ങനെയാണ് അതിനെ കണ്ടാൽ മനസ്സിലാവുക?"

അല്പം കൂടെ വിശദീകരിച്ചാലേ അവൾക്ക് തൃപ്തിയാകൂ എന്ന് മനസ്സിലാക്കി ഞാൻ പറഞ്ഞു: " അതിനെ കണ്ട് മനസ്സിലാക്കാൻ ഒരുപക്ഷേ

എളുപ്പത്തിൽ പറ്റിയെന്ന് വരില്ല; അതിന്റെ സ്വഭാവത്തിൽ നിന്നാണ് അതിനെ മനസ്സിലാക്കാൻ പറ്റുക. അസത്യവും തിന്മയും അഹങ്കാരവുമാണ് അതിന്റെ പൊതുസ്വഭാവം. മനുഷ്യനെ ദൈവത്തിൽ നിന്ന് അകറ്റാനും, അവന് തിന്മ വരുത്താനും അവനിൽ അഹങ്കാരം ജനിപ്പിക്കാനും, അവനെക്കൊണ്ട് വാക്കിലും പ്രവൃത്തിയിലും സത്യവിരുദ്ധമായത് ചെയ്യിക്കാനും നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്ന ശക്തിയാണ് പിശാച്. അതിനെ സ്വഭാവത്തിൽ നിന്നാണ് മനസ്സിലാക്കേണ്ടത്.

ചിലപ്പോൾ ഏറ്റവും അടുത്ത കൂട്ടുകാരുടെ രൂപത്തിൽ, ചിലപ്പോൾ ചില കലാപരിപാടികളുടെ രൂപത്തിൽ, ചിലപ്പോൾ ചില കഥാപാത്രങ്ങളുടെ രൂപത്തിൽ, ചിലപ്പോൾ ചില മത്സരങ്ങളുടെയും കളികളുടെയും രൂപത്തിൽ, ചിലപ്പോൾ പ്രത്യക്ഷത്തിൽ നന്മയെന്ന് തെറ്റിദ്ധരിക്കുന്ന തെറ്റായ ചില ആശയങ്ങളുടെ രൂപത്തിൽ ഒക്കെ ഈ പിശാച് പ്രത്യക്ഷപ്പെടാറുണ്ട്. ഈ പറഞ്ഞ കാര്യങ്ങളുടെയൊന്നും രൂപത്തിൽ നിന്നല്ല സ്വഭാവത്തിൽനിന്നും ഫലത്തിൽനിന്നുമാണ് ഇത് പിശാചാണെന്ന് മനസ്സിലാക്കാൻ സാധിക്കുക.

ഇത്രയൊക്കെ പറഞ്ഞപ്പോൾ വിടർന്ന കണ്ണുകളോടെ എന്നെ നോക്കിയിരുന്ന അവൾ എന്തൊക്കെയോ മനസ്സിലായതുപോലെ തലകുലുക്കി. അന്നത്തെ ചോദ്യങ്ങൾ അവസാനിപ്പിച്ചു.

നമ്മൾ നോമ്പുകാലത്തിലേക്ക് പ്രവേശിക്കുകയാണ്. പിശാചിന്റെ പ്രലോഭനങ്ങളെ പരാജയപ്പെടുത്തി പിതാവ് തന്നെ ഏല്പിച്ച ദൗത്യം പൂർത്തിയാക്കാൻ ലക്ഷ്യം മറക്കാതെ മുന്നോട്ട് പോകുന്ന ഈശോയെ ധ്യാനി ച്ചുകൊണ്ടാണ് നമ്മൾ നോമ്പ് ആരംഭിക്കുന്നത്. ദൈവപുത്രനെപ്പോലും കെണിയിൽ വീഴ്ത്താൻ പരിശ്രമിക്കുന്ന പിശാച് എന്നെയും നിങ്ങളെയുമൊക്കെ അവന്റെ വലയ്ക്കകത്താക്കാൻ ശ്രമിക്കുമെന്ന കാര്യത്തിൽ തർക്കമൊന്നുമില്ലല്ലോ. അതിനാൽ നമുക്ക് ജാഗരൂകരായിരിക്കാം. കാലത്തിനനുസരിച്ചും വ്യക്തികൾക്കനുസരിച്ചും രൂപവും ഭാവവും മാറാൻ അസാധാരണകഴിവുള്ള അവന്റെ കെണിയിൽ വീഴാതിരിക്കണമെങ്കിൽ, ദൈവദത്തമായ എന്റെ കടമകളും ഉത്തരവാദിത്തങ്ങളും വേണ്ട വിധത്തിൽ നിർവ്വഹിച്ച് ലക്ഷ്യം മറക്കാതെ എന്റെ ജീവിതത്തെ മുന്നോട്ട് കൊണ്ടുപോകണമെങ്കിൽ, ഈശോ പറഞ്ഞതുപോലെ 'സാത്താനേ ദൂരെ പോ" എന്ന് പറയാനുള്ള ആത്മശക്തിയുണ്ടാകണമെങ്കിൽ വി.പൗലോസ് എഫേസൂസ്കാർക്ക് നൽകുന്ന ഉപദേശം നമ്മളും സ്വീകരിക്കേണ്ടതുണ്ട്.

“സാത്താന്റെ കുടില തന്ത്രങ്ങളെ എതിർത്തുനിൽക്കാൻ ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ... സത്യംകൊണ്ട് അരമുറുക്കി, നീതിയുടെ കവചം ധരിച്ച്, വിശ്വാസത്തിന്റെ പരിച എടുത്ത്, രക്ഷയുടെ പടത്തൊപ്പി അണിഞ്ഞ് ദൈവവചനമാകുന്ന ആത്മാവിന്റെ വാൾ എടുത്ത്” (എഫേ.6:11-17) പോരാടാനാണ് വി. പൗലോസ് ആവശ്യപ്പെടുന്നത്.

അനുദിന ബലിയർപ്പണത്തിൽ സംബന്ധിച്ചും, കുരിശിന്റെ വഴി തുടങ്ങിയ ഭക്താഭ്യാസങ്ങൾ അനുഷ്ഠിച്ചും കൂടുതൽ ഇഷ്ടമുള്ള ആഹാര സാധനങ്ങളോ ആസ്വദനങ്ങളോ ഉപേക്ഷിച്ചും, സുകൃതങ്ങൾ ചെയ്തും, മേൽപ്പറഞ്ഞ ആയുധങ്ങൾ അന്വേഷിച്ച് കണ്ടെത്താനും അത് വേണ്ടരീതിയിൽ ധരിച്ച് ആത്മരക്ഷ ഉറപ്പാക്കാനുമുള്ള അവസരമാണ് നോമ്പുകാലം. നോമ്പുകാലത്തിന്റെ പരമ്പരാഗതമായ ചില നന്മകൾ മാതാപിതാക്കളിൽനിന്ന് കൈമാറികിട്ടിയത് അല്പം പോലും മാറ്റ് കുറയാതെ അടുത്ത തലമുറയ്ക്ക് കൈമാറാൻ നമുക്ക് ശ്രമിക്കാം,

നോമ്പുകാലത്തെ നമ്മുടെ വാർഷിക ധ്യാനം ഫെബ്രുവരി 18, 19, 20 ദിവസങ്ങളിലാണ്. നോമ്പിന്റെ ആരംഭത്തിൽ വാർഷിക ധ്യാനം വയ്ക്കുന്നത് ധ്യാനത്തിൽ മനസ്സിലാക്കുന്നത് നോമ്പുകാലത്ത് പ്രാവർത്തികമാക്കാനും തുടർന്ന് ജീവിതത്തിന്റെ ഭാഗമാക്കാനും എളുപ്പമാകും എന്ന് കരുതിയാണ്. ഉപേക്ഷ കൂടാതെ ധ്യാനത്തിൽ സംബന്ധിക്കാൻ ശ്രമിക്കുമല്ലോ.

എ്ല്ലാവർക്കും അനുഗ്രഹദായകമായ നോമ്പുകാലം ആശംസിച്ചുകൊണ്ട്,

സസ്നേഹം
ജോൺസനച്ചൻ




വസ്ത്രങ്ങൾക്കും
റെഡിമെയ്ഡ് ഡ്രസുകൾക്കും
സുവർണ്ണ
മുൻസിപ്പൽ ഷോപ്പിംഗ് സെന്റർ
പടിഞ്ഞാറെ കോട്ട, തൃശ്ശൂർ
Ph : 2381588, Mob : 9895086914
നിങ്ങളുടെ സ്വപ്നങ്ങൾ
'സുവർണ്ണയിൽ'ക്കൂടി
യാഥാർത്ഥ്യമാക്കൂ.



# സാഡിസ്റ്റായാൽ



ഫാ. വർഗ്ഗീസ് പാറപ്പുറം വി.സി.

**ഭ**ർത്താക്കന്മാരെ, ക്രിസ്തു സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കാൻ വേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തതുപോലെ നിങ്ങൾ ഭാര്യമാരെ സ്നേഹിക്കണം." (എഫേ. 5:26)

ഭാര്യയെയും മക്കളെയും നിരന്തരം വഴക്കുപറയുകയും പീഡിപ്പിക്കുകയും മർദിക്കുകയും ചെയ്യുന്ന കുടുംബനാഥന്മാർ ധാരാളമുണ്ട്. നിസ്സാരകാരണങ്ങളുടെ പേരിൽ അഥവാ കാരണമില്ലാതെ തന്നെ ഭാര്യയെ ക്രൂരമായി പീഡിപ്പിക്കുന്ന ഭർത്താക്കന്മാർ സാഡിസ്റ്റുകളാണ്. സാഡിസത്തിന്റെ ലക്ഷണങ്ങളും കാരണങ്ങളും അതിനുള്ള ചികിത്സാവിധികളും നമുക്ക് ചർച്ചചെയ്യാം.

ഇന്ന് സമൂഹത്തിന്റെ സവിശേഷ ശ്രദ്ധ പതിയേണ്ട കുറേ മനുഷ്യരുണ്ട്; സാഡിസ്റ്റുകളായ ഭർത്താക്കന്മാരും അവരുടെ ക്രൂരമായ മർദനത്തിന്റെ ബലിയാടുകളായി അനുദിനം ശരീരത്തിലും മനസ്സിലും മരിച്ചുകൊണ്ടു ജീവിക്കുന്ന ഹതഭാഗ്യകളായ ഭാര്യമാരും. സാഡിസം, സാഡിസ്റ്റ് എന്നൊക്കെയുള്ള ഇംഗ്ലീഷ് സംജ്ഞകളുടെ വിശദീകരണത്തിലേക്ക് കടക്കുംമുമ്പ് ഈ ഉദാഹരണം നോക്കൂ. ഒരു കഥ

പ്ലസ് ടു വിദ്യാർത്ഥിനി അഞ്ജലി എല്ലാംകൊണ്ടും ശ്രദ്ധിക്കപ്പെടുന്ന കുട്ടിയാണ്. നല്ല ശാരീരികപുഷ്ടിയും നിറവും വടിവൊത്ത മുഖവുമുണ്ടെങ്കിലും ആ മുഖത്ത് തെളിയുന്നത് കടുത്ത ആശങ്കയും പരിഭ്രമവും മാത്രം. മാംസപേശികൾ വലിഞ്ഞുമുറുകിയിരിക്കുന്നു. കൂടുതൽ അന്വേഷിച്ചപ്പോൾ അഞ്ജലിയുടെ മനസ്സ് നിഷേധാത്മകവികാരങ്ങൾകൊണ്ട് നിറഞ്ഞിരിക്കുകയാണെന്ന് മനസ്സിലായി. പുരുഷന്മാരോട്, വിശേഷിച്ച് സ്വന്തം പിതാവിനോടുള്ള കടുത്ത വെറുപ്പ് അവളുടെ മനസ്സിനെ വല്ലാതെ കറുപ്പിച്ചിരുന്നു.

അഞ്ജലിയുടെ മാതാപിതാക്കൾ ഇപ്പോൾ പിരിഞ്ഞു താമസിക്കുകയാണ്. ഇവൾ അമ്മയുടെ കൂടെ. അമ്മ ഉദ്യോഗസ്ഥയായതിനാൽ വലിയ സാമ്പത്തികഞെരുക്കമില്ല. എങ്കിലും കൂട്ടുകാരികൾ അവരുടെ അപ്പച്ചനെക്കുറിച്ചു പറയുമ്പോൾ അഞ്ജലിയുടെ മനസ്സിൽ സങ്കടവും നിരാശയും ദേഷ്യവും

പകയും വെറുപ്പും നുരഞ്ഞുപതയും. സ്വന്തം അപ്പനെക്കുറിച്ച് ആ കുട്ടി ഇങ്ങനെ പറയുന്നു:

"എന്റെ അപ്പൻ തനി സാഡിസ്റ്റാണ്. വീട്ടിൽ മാതാപിതാക്കളും ഞാനും അനുജത്തിയും മാത്രമായിരുന്നു. കുട്ടിക്കാലം മുതലേ അപ്പന്റെ ദേഷ്യം നിറഞ്ഞ മുഖമേ ഞാൻ കണ്ടിട്ടുള്ളു. ഈ ദേഷ്യം ഏറ്റവും കൂടുതൽ പ്രകടിപ്പിച്ചിരുന്നത് അമ്മയോടാണ്. ജോലി കഴിഞ്ഞ് രണ്ടുപേരും മടങ്ങിയെത്തിയാൽ എന്തെങ്കിലും കാരണം കണ്ടുപിടിച്ച് അപ്പൻ അമ്മയെ വഴക്കുപറഞ്ഞു തുടങ്ങും. വഴക്കുപറച്ചിൽ മുറുകി ക്രൂരമർദ്ദനമായി മാറും. അമ്മ എന്തെങ്കിലും മിണ്ടിയാൽ മർദ്ദനത്തിന്റെ ശക്തി കൂടും. ഇങ്ങനെ ശരീരത്തിൽ തീ കൊണ്ട് പൊള്ളിക്കുകയും കത്തികൊണ്ട് മുറിവേല്പ്പിക്കുകയും കടിച്ച് വേദനിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൈകൊണ്ടും കാലുകൊണ്ടുമുള്ള സാധാരണ മർദ്ദനം വേറെ. ഞങ്ങൾ തടുക്കാൻ ചെന്നാൽ ഞങ്ങളെയും നിഷ്കരുണം അടിക്കും. മർദ്ദിച്ചവശയാക്കിയശേഷം ഒരു ദിവസം അമ്മയെ മുറിയിലാക്കി പൂട്ടിയിട്ട 24 മണിക്കൂറിനു ശേഷമാണ് തുറന്നത്. ഇതൊക്കെ ചെയ്താലും അപ്പൻ അല്പംപോലും കുറ്റബോധം തോന്നുമായിരുന്നില്ല; മറിച്ച്, എന്തോ നേടിയമട്ടായിരുന്നു.

'ഈ പീഡനങ്ങളെല്ലാം നിസ്സാരകാരണങ്ങളുടെ പേരിലായിരുന്നെന്ന് പിന്നീടെനിക്ക് മനസ്സിലായി. കാപ്പിക്കു മധുരം പോരാ, അല്ലെങ്കിൽ കൂടിപ്പോയി, കൃത്യസമയത്ത് പ്രാർത്ഥന തുടങ്ങിയില്ല, പട്ടിക്കു ചോറു കൊടുത്തതു കൂടിപ്പോയി, ആദ്യത്തെ പ്രാവശ്യം വിളിച്ചപ്പോൾ വിളി കേട്ടില്ല തുടങ്ങിയ ഏതെങ്കിലും നിസ്സാരകാരണം മതി ഒരു ദിവസത്തെ പീഡനം ആരംഭിക്കാൻ. ചിലപ്പോൾ ഇത്രയും പോലും കാരണങ്ങൾ ഉണ്ടായിരുന്നില്ല. സഹിക്കാവുന്നതിന്റെ എല്ലാ പരിധിയും പിന്നിട്ടതിനുശേഷവും മർദനം തുടർന്നപ്പോൾ അമ്മ വിവാഹമോചനത്തിനൊരുങ്ങി. അതിന്റെ ഫലമായി ഇപ്പോൾ അമ്മയും ഞാനും അനുജത്തിയും അപ്പന്റെ അടുക്കൽനിന്ന് മാറിത്താമസിക്കുകയാണ്."

സാഡിസ്റ്റായ ഒരു കുടുംബനാഥന്റെ ഏകദേശ ചിത്രം ഈ വിവരണത്തിലുണ്ട്. മനശ്ശാസ്ത്രപരമായ നിർവചനമനുസരിച്ച് സാഡിസം എന്നത് ഒരുതരം ലൈംഗികവൈകൃതമാണ്. കൃത്യമായി പറഞ്ഞാൽ, ഭാര്യയെ സ്നേഹിച്ചുസന്തോഷിപ്പിക്കുന്നതിനുപകരം അവളെവേദനിപ്പിച്ച്, പ്രത്യേകിച്ച് ലൈംഗിക അവയവങ്ങളിൽ വേദന ജനിപ്പിച്ച് അതിൽ രസം കണ്ടെത്തുന്ന മാനസിക വൈകല്യത്തിനാണ് സാഡിസം എന്നു പറയുന്നത്. അത്തരം പ്രവൃത്തിയിൽ മുഴുകുന്ന വ്യക്തിയെ സാഡിസ്റ്റ് എന്ന് വിളിക്കുന്നു. എന്നാൽ ലൈംഗികതലത്തിൽ മാത്രമല്ല, ഏതു വിധത്തിലും ഭാര്യയെ വേദനിപ്പിക്കുന്നതിൽ സന്തോഷം കണ്ടെത്തുന്ന മാനസികാവസ്ഥയുള്ള ഭർത്താക്കന്മാരെ ഇന്ന് സാഡിസ്റ്റുകളായി കണക്കാക്കുന്നുണ്ട്. വളരെ നിസ്സാര കാരണങ്ങളുടെ പേരിൽ, ചിലപ്പോൾ ഒരു കാരണവുമില്ലാതെയും അവർ ഭാര്യയെ ക്രൂരമായി

പീഡിപ്പിക്കും. അപ്രകാരം പീഡിപ്പിക്കുന്നതിൽ അവർക്ക് അല്പം പോലും മനോവിഷമമില്ലെന്ന് മാത്രമല്ല, അതിലൂടെ എന്തോ വൻകാര്യം നേടിയ സംതൃപ്തി അനുഭവിക്കുകയും ചെയ്യുന്നുണ്ട്.

**സാഡിസത്തിന്റെ ലക്ഷണങ്ങൾ**

1. പൊലിസ് സ്റ്റേഷനുകളിൽ ഉണ്ടെന്നു പറയപ്പെടുന്ന മൂന്നാം മുറയെപ്പോലും അതിശയിക്കുന്ന അതിക്രൂരമായ തോതിലുള്ള മർദനം സാഡിസ്റ്റുകൾ നടത്തും. കടുത്ത വേദന ജനിപ്പിക്കുന്ന നവീന മർദനമുറകൾ കണ്ടുപിടിക്കാനുള്ള ഇവരുടെ വൈദഗ്ധ്യം അമ്പരിപ്പിക്കുന്നതാണ്.

2. മർദനത്തിന് തക്കതായ കാരണമൊന്നും വേണമെന്നില്ല. മർദിക്കുകയെന്നത് ഇവരെ സംബന്ധിച്ച് ഒരാവശ്യമാകയാൽ എന്തെങ്കിലും കാരണം ഇവർ കണ്ടുപിടിക്കും. ഈ കാരണങ്ങളാകട്ടെ, സാധാരണക്കാരുടെ ദൃഷ്ടിയിൽ ഒന്നു ശകാരിക്കാൻപോലും മതിയായതായിരിക്കുകയുമില്ല.

3. ഇങ്ങനെ മറ്റുള്ളവരെ വേദനിപ്പിക്കുന്നതിൽ ഇവർക്ക് കുറ്റബോധം തീരെയില്ല. തന്നെയുമല്ല, അതിൽനിന്ന് അവർ ഒരു നിഗൂഢ സന്തോഷം അനുഭവിക്കുകയും ചെയ്യുന്നു. മറ്റുള്ളവരെ മർദിക്കുമ്പോൾ എന്തോ വലിയ നേട്ടം കരസ്ഥമാക്കിയ വിജയിയുടെ മനോസംതൃപ്തിയാണ് അവരനുഭവിക്കുന്നത്.

4. പീഡനം എല്ലായ്പ്പോഴും ശാരീരികം മാത്രമാകണമെന്നില്ല; ശാരീരികമോ മാനസികമോ രണ്ടും കൂടിയോ ആകാം. സംസ്കൃതചിത്തരെന്ന് കരുതപ്പെടുന്ന അഭ്യസ്തവിദ്യരുടെയും നാഗരികരുടെയും കാര്യത്തിൽ മാനസികപീഡനത്തിനാണ് മുൻതൂക്കം.

5. മദ്യപാനം, ചീട്ടുകളി മുതലായ ദുശ്ശീലങ്ങൾവഴി ഭാര്യയെയും കുടുംബാംഗങ്ങളെയും ദാരിദ്ര്യത്തിന് വിട്ടുകൊടുക്കുന്നത് സാഡിസത്തിന്റെ പരോക്ഷ രൂപമാകാം. ഈ ദുശ്ശീലങ്ങൾ മർദനത്തോടുകൂടിയും കൂടാതെയും കാണപ്പെടാറുണ്ട്.

6. കുടുംബജീവിതത്തിൽ മാത്രമല്ല, മറ്റു മണ്ഡലങ്ങളിലും സാഡിസം പ്രത്യക്ഷപ്പെടാം. സാഡിസരോഗമുള്ള അധ്യാപകൻ തന്റെ വിദ്യാർത്ഥികളെ അകാരണമായി പരിഹസിക്കുകയും ശിക്ഷിക്കുകയും അതിൽ സന്തോഷിക്കുകയും ചെയ്യുന്നു. ഒരു മേലധികാരി സാഡിസ്റ്റായാൽ, തന്റെ അധീനതയിലുള്ളവർക്ക് യാതൊരു സ്വാതന്ത്ര്യവും സന്തോഷവും അനുവദിക്കാതെ അവരെ പരമാവധി ഞെരുക്കുന്നതിൽ ആനന്ദം കണ്ടെത്തും.

7. സാഡിസ്റ്റുകൾ പലപ്പോഴും തങ്ങളുടെ പീഡനമുറകൾക്ക് ന്യായീകരണമായി ഒരു മൂല്യത്തിന്റെ മറ കണ്ടെത്തും. അച്ചടക്കം, അനുസരണം, ത്യാഗം, പുണ്യം ഇങ്ങനെ ഏതെങ്കിലും മൂല്യത്തിന്റെ പരിവേഷം മുഖംമൂടിയായി അണിഞ്ഞായിരിക്കും അവർ പീഡനത്തിന്റെ ഉരുക്കുമുഷ്ടികൊണ്ട് മറ്റുള്ളവരുടെ കഴുത്തു ഞെരിക്കുന്നത്.

വല്ലപ്പോഴും ഒന്ന് ശകാരിക്കുന്നതും മറ്റു വഴിയില്ലാതെ വരുമ്പോൾ ഭാര്യയ്ക്ക് ഒരടികൊടുക്കുന്നതും സാഡിസമല്ല. എന്നാൽ തന്റെ തോന്ന്യാസങ്ങൾക്ക് തടസ്സം നിൽക്കാതിരിക്കാൻ ഭാര്യയെ ബോധപൂർവം മർദിച്ച് മിണ്ടാപ്രാണിയാക്കി ഒതുക്കി നിർത്തുന്ന സ്വാർത്ഥനായ ഭർത്താവ് സാഡിസ്റ്റിനേക്കാളുപരി ക്രിമിനലാണ്.

**മസോക്കിസം**

സാഡിസത്തിന്റെ നേരെ വിപരീതമായ മാനസികാവസ്ഥയാണിത്. 'മസോക്കിസം' എന്ന മാനസികാവസ്ഥയുള്ളവർ സ്വയം പീഡിപ്പിക്കുന്നതിൽ സന്തോഷം കണ്ടെത്തും. പട്ടിണി കിടക്കുക, ശരീരം മുറിപ്പെടുത്തുക തുടങ്ങി നിരവധി മാർഗ്ഗങ്ങൾ മസോക്കിസ്റ്റുകൾ അവലംബിക്കാറുണ്ട്.

**പാരമ്പര്യമോ സാഹചര്യങ്ങളോ?**

സാഡിസ്റ്റ് ക്രിമിനലല്ല; മനോരോഗിയാണ്. സാഡിസമെന്ന രോഗത്തിന്റെ പ്രതിവിധികളെക്കുറിച്ച് ചിന്തിക്കുന്നതിനുമുമ്പ് അതിന്റെ കാരണങ്ങൾ എന്താണെന്നു നോക്കാം. ഒരു സുപ്രഭാതത്തിൽ ആരും സാഡിസ്റ്റാകുന്നില്ല എന്ന് മനഃശാസ്ത്രജ്ഞന്മാർ പറയുന്നു. വർഷങ്ങളിലൂടെ ഉപബോധമനസ്സിൽ രൂപപ്പെട്ടുവന്ന ഒരു മനോഭാവം ഒരു നിശ്ചിത സാഹചര്യത്തിൽ പുറത്തുവന്നു തുടങ്ങിയെന്നേയുള്ളു. ഈ രോഗത്തിന്റെ കാരണങ്ങളെക്കുറിച്ച് പണ്ഡിതന്മാർ ഏകാഭിപ്രായക്കാരല്ല. പാരമ്പര്യ ഘടകങ്ങളാണ് ഇതിനു കാരണമെന്ന് വാദിക്കുന്ന ഗവേഷകരുണ്ട്. എന്നാൽ മാനസികവും സാമൂഹികവുമായ കാരണങ്ങൾക്ക് മുൻതൂക്കം കൊടുക്കുന്നവരാണധികവും.

"The battered child grows up to be the battering adult." എന്ന സിദ്ധാന്തം ധാരാളംപേർ അംഗീകരിക്കുന്നു. കുട്ടിക്കാലത്ത് പീഡനത്തിനു വിധേയരായവർ വളർന്നുവരുമ്പോൾ മറ്റുള്ളവരെ പീഡിപ്പിക്കുന്നവരായിത്തീരുന്നു എന്ന ആശയമാണ് ഈ തിയറിയുടെ കാതൽ. ശൈശവബാല്യങ്ങളിൽ മറ്റുള്ളവരുടെ അവഗണനയും ക്രൂരതയും മാത്രം അനുഭവിച്ചു വളരുന്ന കുട്ടിയുടെ മനസ്സ് മൃദുലവികാരങ്ങൾക്ക് പകരം നിഷേധാത്മക വികാരങ്ങളായ കോപവും വെറുപ്പുകൊണ്ട് നിറയുന്നു. കുട്ടിക്കാലത്ത് തന്നെ പീഡിപ്പിക്കുന്നവർക്കെതിരെ ഈ വെറുപ്പ് പ്രകടിപ്പിക്കാൻ വ്യക്തി അശക്തനാണ്. തന്മൂലം ഈ കോപവും വെറുപ്പും കൂട്ടി തന്റെ അടിമനസ്സിലേക്ക് അടിച്ചമർത്തും. അവ ക്രമേണ വ്യക്തിയുടെ ഉപബോധമനസ്സിന്റെ ഭാഗമായിത്തീരുന്നു. ഉപബോധമനസ്സിൽ ഉറഞ്ഞുകിടക്കുന്ന ഈ വെറുപ്പും കോപവും പ്രതികാരചിന്തയും പിന്നീട് തന്നെക്കാൾ ദുർബലരായവരോടുള്ള ക്രൂരതയായി ബോധപൂർവമല്ലാതെ പുറത്തേക്കൊഴുകുന്നു.

'ഉശുെഹമരലാലിട' എന്ന മനസ്സിന്റെ പ്രതിരോധതന്ത്രമാണ് ഇവിടെ പ്രവർത്തിക്കുന്നത്. അങ്ങാടിയിൽ തോറ്റതിന് അമ്മയോട്, എന്ന് പറയുന്നതുപോലെ കഴിഞ്ഞകാലത്ത് അനുഭവിച്ചു അവഗണനയുടെയും സ്നേഹ

ശൂന്യതയുടെയും ഫലമായ പ്രതികാരം ഇപ്പോൾ തന്റെ സ്വാധീനത്തിലും നിയന്ത്രണത്തിലുമുള്ള വ്യക്തിയിലേക്ക് ഒഴുക്കുന്നു. ഇങ്ങനെയാണത്രേ സാഡിസ്റ്റ് ഭർത്താവ് ഭാര്യയെയും സാഡിസ്റ്റ് അധ്യാപകൻ വിദ്യാർത്ഥികളെയും സാഡിസ്റ്റ് മേലധികാരി തന്റെ അധീനരെയും പീഡിപ്പിക്കുന്നത്. ലൈംഗിക സംതൃപ്തി ലഭിക്കാത്തതിന്റെ ഇച്ഛാഭംഗം സാഡിസമായി രൂപാന്തരം പ്രാപിക്കുന്നതാണെന്ന് അഭിപ്രായപ്പെടുന്നവരുമുണ്ട്. കാരണം, സാഡിസത്തിലായാലും മസോക്കിസത്തിലായാലും അടിസ്ഥാനപരമായി ഒരുതരം ലൈംഗിക സംതൃപ്തിയാണത്രേ അവയിൽ മുഴുകുന്നവർക്ക് ലഭിക്കുന്നത്! എന്തായാലും മനോരോഗവിദഗ്ദ്ധർ ഈ രണ്ടു സ്വഭാവവിശേഷങ്ങളെയും ഉൾപ്പെടുത്തുന്നത് ലൈംഗിക വൈകൃതങ്ങളുടെ പട്ടികയിലാണ്.

മോചനം അകലെ?

സാഡിസ്റ്റ് ഒരു മനോരോഗിയാണെന്ന യാഥാർത്ഥ്യം അംഗീകരിച്ച് അയാളെ ചികിത്സയ്ക്ക് വിധേയനാക്കണം. കടുത്ത മാനസിക രോഗങ്ങളുടെ കൂട്ടത്തിലല്ല സാഡിസത്തിന്റെ സ്ഥാനമെങ്കിലും സാഡിസ്റ്റുകളെ ചികിത്സിക്കുന്നത് എളുപ്പമല്ലെന്നാണ് മനഃശാസ്ത്രജ്ഞരുടെ അഭിപ്രായം. രോഗിയിൽ തന്റെ സാഡിസ്റ്റു രോഗത്തെക്കുറിച്ചുള്ള ഉൾക്കാഴ്ച രൂപപ്പെടുത്തി ക്രമേണ അയാളെ മാനസികാരോഗ്യത്തിലേക്ക് മടക്കിക്കൊണ്ടുവരികയെന്നത് തത്ത്വത്തിൽ സാധ്യമാണെങ്കിലും പ്രയോഗത്തിൽ എളുപ്പമല്ലത്രേ. ഇതു കടുത്ത സാഡിസ്റ്റുകളുടെ കാര്യമാണ്. അത്തരക്കാർ ചുരുക്കമായിരിക്കും. മറ്റുള്ളവർ കൗൺസലിംഗിനോട് ക്രിയാത്മകമായി പ്രതികരിക്കുന്നവരാണ്. സാഡിസത്തെ ഒറ്റപ്പെട്ട ഒരു പ്രതിഭാസമായി കാണാതെ, വ്യക്തിയുടെ മൊത്തത്തിലുള്ള മാനസികമായ അപവികാസത്തിന്റെയും അപക്വതയുടെയും അടയാളമായി പരിഗണിക്കണമെന്നാണ് മനഃശാസ്ത്രജ്ഞരുടെയിടയിൽ പ്രബലമായിട്ടുള്ള ഒരഭിപ്രായം. അയാളുടെ മുഴുവൻ വ്യക്തിത്വവും ഉടച്ചുവാർക്കലിന് വിധേയമാകണം. ഇതിന് രോഗി ആറേഴ് സെഷനെങ്കിലും കൗൺസലിംഗിന് ക്രമമായി വിധേയനായേതീരൂ. ഈ ഘട്ടത്തിൽ രോഗിയുടെ കുടുംബാംഗങ്ങൾ വിശേഷിച്ച് ഭാര്യ, കൗൺസലർ കൊടുക്കുന്ന നിർദ്ദേശങ്ങളോട് സഹകരിക്കുകയും കുടുംബാന്തരീക്ഷത്തിലും പരസ്പരബന്ധത്തിലും വേണ്ടമാറ്റങ്ങൾ വരുത്തുകയും വേണം. ഗ്രൂപ്പ് കൗൺസലിംഗ് സാഡിസത്തിന് നല്ലൊരു പ്രതിവിധിയായി മന:ശാസ്ത്രജ്ഞർ ചൂണ്ടിക്കാട്ടുന്നു. അതായത്, ഈ രോഗമുള്ള ആറോ ഏഴോ ഭർത്താക്കന്മാരെയും അവരുടെ ഭാര്യമാരെയും ഒരുമിച്ചിരുത്തി കൗൺസലിംഗ് നടത്തുക. സാഡിസ്റ്റുകളായ ഭർത്താക്കന്മാരിൽ ഉൾക്കാഴ്ച രൂപീകരിക്കാൻ ഈ വിധമുള്ള കൗൺസലിംഗ് സഹായകമാണനത്രേ. സാങ്കേതിക സഹായം ലഭിക്കാൻ ഇങ്ങനെ സാധ്യതകൾ പലതുണ്ടെങ്കിലും കുടുംബാംഗങ്ങളുടെ വിശിഷ്യ, ഭാര്യയുടെ ക്ഷമയും സ്നേഹവും വിവേകമുള്ള പെരുമാറ്റവുമാണ് സാഡിസ്റ്റുകളായ ഭർത്താക്കന്മാരെ മാനസികമായ പക്വതയിലേക്ക് മടക്കിക്കൊണ്ടുവരാനുള്ള ഏറ്റവും ഉത്തമവും

ആശ്രയിക്കാവുന്നതുമായ മാർഗം. സമൂഹത്തെ ബോധവത്കരിക്കുകയെന്ന പ്രതിരോധമാർഗവും പ്രധാനപ്പെട്ടതാണ്. സാഡിസ്റ്റിനെ സൃഷ്ടിക്കുന്നത് കുടുംബപശ്ചാത്തലമത്രേ. അവഗണനയ്ക്കും പീഡനത്തിനും ഇരയാകുന്ന ശിശുക്കളാണ് ഭാവിയിൽ കടുത്ത സാഡിസ്റ്റുകളാകുന്നത്. അതിനാൽ, കുട്ടികൾ ക്രൂരതയ്ക്കും സ്നേഹശൂന്യതയ്ക്കും ഇരയാകുന്ന സാഹചര്യങ്ങൾ അനുവദിക്കാതിരിക്കുക എന്നതാണ് ഭാവികുടുംബങ്ങളുടെ സന്തോഷത്തിനുവേണ്ടി ഇന്ന് ചെയ്യാവുന്ന ഏറ്റവും നല്ല കാര്യം.

**ഈ ലോകത്തിൽ എന്നും ഓർമിച്ചു വെയ്ക്കാവുന്നതെല്ലാം ആരംഭിക്കുന്നത് ഹൃദയത്തിലാണ്. തലയില്ല - സൂസൻ ചാസ്സിൻ**

---

## ഫെബ്രുവരി 2024 ഓർമ്മിക്കേണ്ട വിശേഷപ്പെട്ട ദിവസങ്ങൾ

02. വെള്ളി : ആദ്യവെള്ളി, കുമ്പസാരം, വി. കുർബാന, തിരുനാൾ ദിനങ്ങൾ. വി. എസ്തപ്പാനോസ് വേ. നമ്മുടെ കർത്താവിന്റെ ദേവാലയ പ്രവേശനം പരി. ക.മറിയത്തിന്റെ ശുദ്ധീകരണ തിരുനാൾ, ഗ്രീക്കുസഭാപിതാക്കന്മാർ, സുറിയാനി സഭാപിതാക്കന്മാർ, ഇടവക മധ്യസ്ഥന്റെ തിരുനാൾ

03 ശനി : വി. ജോൺബ്രിട്ടോ (ഫെബ്രുവരി 4)

04 ഞായർ

09 വെള്ളി : വെള്ളിതിരുക്കർമ്മങ്ങൾ, സകല മരിച്ചവരുടെയും ഓർമ്മ

10 ശനി : ലൂർദ്ദ് മാതാവ് (രോഗീദിനം)

11 നോമ്പ് : ഒന്നാം ഞായർ

12 തിങ്കൾ : വലിയനോമ്പാരംഭം (വിഭൂതി)

16 വെള്ളി : വെള്ളി തിരുക്കർമ്മങ്ങൾ വി. പൊലിക്കാർപ്പ് മെ.വേ

18 ഞായർ : വാർഷിക ധ്യാനം

19 തിങ്കൾ : വാർഷിക ധ്യാനം

20 ചൊവ്വ : വാർഷിക ധ്യാനം

24. ശനി : വാഴ്ത്തപ്പെട്ട സി. റാണി മരിയ. ക (ഫെബ്രുവരി 25)

25 ഞായർ



# ഓർക്കുക – തെറ്റുപറ്റുക സ്വാഭാവികമാണ്.



**സി. മേഴ്സി ചാലക്കൽ**
S.L.M.I

ആരാധനവത്സരത്തിലെ ആഘോഷവും, സന്തോഷവും നിറഞ്ഞുനിന്ന ദനഹകാലം പിന്നിട്ടിരിക്കുന്നു. വീണ്ടും പ്രായ്ശ്ചിത്തത്തിന്റെ അരൂപിയിൽ ജീവിക്കുവാൻ നമ്മെ ആഹ്വാനം ചെയ്യുന്ന വിശുദ്ധ വത്സരത്തിലെ നോമ്പ് കാല ഘട്ടത്തിലേക്ക് നാം പ്രവേശിച്ചിരിക്കുന്നു. “മനുഷ്യാ നീ പൊടിയാകുന്നു. പൊടിയിലേക്ക് തന്നെ നീ മടങ്ങുന്നു” എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് പുരോഹിതൻ വിശ്വാസികളുടെ നെറ്റിയിൽ ചാരം പൂശി ചെയ്ത പാപങ്ങൾക്ക് പരിഹാരം ചെയ്ത് പുതിയൊരു ജീവിതത്തിലേക്ക് മടങ്ങുവാൻ നമ്മോട് ആഹ്വാനം ചെയ്യുന്നു.

സ്നേഹമുള്ളവരെ,

മഹാവികൃതിയാണ് ‘മനു”. രാവിലെ മാതാപിതാക്കൾ പണിക്കു പോയാൽ മനുവും, ചേച്ചിയും മാത്രമാകും വീട്ടിൽ. പിന്നെ വൈകുന്നേരം വരെ കളിയാണ്. ഒരുദിവസം കളിക്കുന്നതിനിടക്ക് ‘മനു’ ഒരു കല്ലെടുത്ത് മാവിലേക്കെറിഞ്ഞതാണ്, പക്ഷെ കല്ല് ചെന്നു വീണത് അമ്മ ഓമനിച്ചുവളർത്തുന്ന രണ്ട് താറാവുകളിലൊന്നിന്റെ മേലാണ്. താറാവ് ചത്തു. അമ്മ വന്നാൽ തല്ല് ഉറപ്പാണ്. മനുവും, ചേച്ചിയും കൂടി താറാവിനെ അടുത്തുള്ള കുറ്റിക്കാട്ടിൽ ഒളിപ്പിച്ചു. എന്നിട്ട് ഒന്നുമറിയാത്തമട്ടിൽ നിന്നു. വൈകുന്നേരം അമ്മ വന്നപ്പോൾ താറാവിലൊന്നിനെ പട്ടിപിടിച്ചെന്നും പറഞ്ഞു. പിറ്റേദിവസം അമ്മ കടയിൽ പോകാൻ പറഞ്ഞപ്പോൾ മനു പറഞ്ഞു. ഇന്നലെ ഞാനാണ് പോയത് അതുകൊണ്ട് ഇന്ന് ചേച്ചിയാണ് പോകേണ്ടത് എന്ന്. ഉടനെ ചേച്ചി മനുവിന വിളിച്ച് പതുക്കെ പറഞ്ഞു. ‘വേഗം കടയിൽ പോയി വാ” അല്ലെങ്കിൽ താറാവിനെ കൊന്ന കാര്യം ഞാൻ അമ്മയോട് പറയും. ഇതുകേൾക്കേണ്ട താമസം മനു കടയിലേക്കൊരു ഓട്ടം. പിന്നീടിത് സ്ഥിരമായി. വീട്ടിൽ എന്തെങ്കിലും പണി പറഞ്ഞാൽ ഉടനെ ചേച്ചി വിളിക്കും. മനു... താറാവ്, ഉടനെ മനു പണിയൊക്കെ ചെയ്യും. അവസാനം മടുത്തപ്പോൾ മനു വിചാരിച്ചു, തല്ല് കിട്ടി

യാലും സാരമില്ല അമ്മയോട് സത്യം പറയാം എന്ന്. മനു പേടിച്ചു കരഞ്ഞുകൊണ്ട് അമ്മയോട് നടന്നതെല്ലാം പറഞ്ഞു.

അമ്മ മനുവിനെ കെട്ടിപ്പിടിച്ചുകൊണ്ട് പറഞ്ഞു. സാരമില്ല ഇനി വികൃതി കാണിക്കരുത്. മനുവിന് ആശ്വാസമായി. അന്നവൻ സമാധാനമായി കിടന്നുറങ്ങി. പിറ്റേദിവസം അമ്മ ചേച്ചിയോട് കടയിൽ പോയി അരി വാങ്ങുവാൻ പറഞ്ഞു. ഉടനെ ചേച്ചി പതിവുപോലെ പേടിപ്പിച്ചു. മനു.. താറാവ്. ഉടനെ മനു പറഞ്ഞു, നിന്റെ ഒരു താറാവ് നീ എല്ലാം പോയി പറയ്. അമ്മ എല്ലാം അറിഞ്ഞെന്നു മനസ്സിലാക്കിയ ചേച്ചി വേഗം കടയിൽ പോയി.

പ്രിയപ്പെട്ടവരെ, നമ്മുടെ ജീവിതത്തിലും പലപ്പോഴും സംഭവിക്കുന്നതും ഇതുതന്നെയാണ്. എന്തെങ്കിലും തെറ്റുപറ്റിയാൽ നാം അതുമൂടി വെക്കുവാൻ ശ്രമിക്കും. ഫലമോ മനസ്സിൽ അസ്വസ്ഥതയും കുറ്റബോധവും. അതുമുതലെടുക്കുന്നവർ വേറെയും. തെറ്റ് ഏറ്റുപറയുകയാണെങ്കിൽ മനസ്സ് ശാന്തമാകും. കത്തോലിക്കരായ നമുക്ക് ലഭിച്ചിട്ടുള്ള വലിയ അനുഗ്രഹമാണ് കുമ്പസാരം. പശ്ചാത്താപത്തോടെ നാം ഏറ്റുപറയുന്ന പാപം ക്ഷമിക്കുന്നവനാണ് ദൈവം. ഈ നോമ്പുകാലത്തിൽ നമ്മുടെ പാപങ്ങളെല്ലാം ഏറ്റുപറഞ്ഞ് മനസ്സ് ശുദ്ധമാക്കാം. ഓർക്കുക തെറ്റുപറ്റുക സ്വാഭാവികമാണ്. അതേറ്റുപറയാനും തിരുത്താനുമുള്ള മനസ്സാണ് പ്രധാനം. നോമ്പുകാലം പരിശീലനത്തിനുള്ള കാലമാണ്.

ഈ നോമ്പ് കാലഘട്ടത്തിൽ ദൈവവും മനുഷ്യനുമായി അനുരഞ്ജനപ്പെടുവാൻ നമുക്ക് കഴിയണം. ദൈവവുമായി രമ്യതയിലാകുന്നതിന് നമ്മൾ പാപത്തെ വെറുക്കുകയും പാപത്തിൽ നിന്നും ഒഴിഞ്ഞുമാറുകയും വേണം. അനുരഞ്ജനത്തിന്റെ മറുഭാഗം എല്ലാ മനുഷ്യരായി രമ്യതയിലാകണം. എന്നതുതന്നെ

നമ്മുടെ കുടുംബാംഗങ്ങളും സഹോദരങ്ങളും അയൽക്കാരും, സ്നേഹത്തിലാണോയെന്ന് പരിശോധിക്കുവാനുള്ള കാലഘട്ടമിതാണ്. നിന്റെ സഹോദരനുമായി രമ്യപ്പെട്ടതിന് ശേഷം കാഴ്ച അർപ്പിക്കുക എന്ന വചനം അനുദിനം ബലിയർപ്പിക്കുന്ന നമുക്കുള്ള നോമ്പുകാല ചിന്താവിഷയമാകട്ടെ. മറ്റുള്ളവരോട് രമ്യതയിൽ കഴിയാത്തവന്റെ പുണ്യപ്രവർത്തികൾക്കൊന്നും യാതൊരുവിലയുണ്ടായിരിക്കുകയില്ല എന്ന വസ്തുത നമ്മൾ തിരിച്ചറിയേണ്ടിയിരിക്കുന്നു.

ഏവർക്കും നോമ്പിന്റെ എല്ലാവിധ ആശംസകളും സ്നേഹത്തോടെ നേരുന്നു.



# അനുദിന വിശുദ്ധർ

## ഫെബ്രുവരി 13
## വി. കാഥറിൻ (1522-1589)



മിസ്സിസ് ടെസ്സി ആന്റോ

ഫ്ളോറെൻസിൽ റിച്ചി എന്നൊരു സമ്പന്ന കുടുംബത്തിൽ ആണ് കാഥറിൻ ജനിച്ചത്. ജ്ഞാനസ്നാനനാമം അലക്സാൻട്രീന എന്നായിരുന്നു. തീരെ ചെറുപ്പത്തിൽതന്നെ അമ്മ മരിച്ചതിനാൽ അമ്മാമയാണ് കുഞ്ഞിനെ വളർത്തിയത്. 14-ാമത്തെ വയസ്സിൽ അലക്സാൻട്രീന ഡൊമിനിക്കൻ സഭയിൽ ചേർന്നു, കാഥറിൻ എന്ന പേര് സ്വീകരിച്ചു. രണ്ടുവർഷം അവൾക്ക് തീരെ സുഖമുണ്ടായിരുന്നില്ല. നിയന്ത്രിക്കാനാവാത്ത കോപം അവളെ പിൻതുടർന്നു. നമ്മുടെ കർത്താവിന്റെ പീഡാനുഭവത്തെ പറ്റിയുള്ള ധ്യാനമായിരുന്നു അവൾക്ക് ഏക ആശ്വാസം. അത്ഭുതമെന്നു പറയട്ടെ, അവളുടെ അസുഖം പൂർണ്ണമായി മാറി. അതോടെ അവൾ പ്രാർത്ഥനയും പ്രായശ്ചിത്തവും വർദ്ധിപ്പിച്ചു. ആഴ്ചയിൽ രണ്ടു മൂന്നു ദിവസം അപ്പവും വെള്ളവും മാത്രം കഴിച്ചും ഒരു ദിവസം ഒന്നും കഴിക്കാതെയും ജീവിച്ചുപോന്നു. സ്വശരീരത്തിൽ ചമ്മട്ടികൊണ്ടടിച്ചും പ്രായശ്ചിത്തം ചെയ്തു. എളിമയും അനുസരണയും ശാന്തതയും അവളുടെ കൈമുതലായിരുന്നു.

കാഥറിന്റെ ജീവിതവിശുദ്ധി മനസ്സിലാക്കിയ സഭാംഗങ്ങൾ അവളെ ചെറുപ്പത്തിൽ തന്നെ നോവിഡ് മിസ്ട്രസ്സാക്കി. 25-ാമത്തെ വയസ്സിൽ ആജീവനാന്ത മഠാധിപയായി തെരഞ്ഞെടുത്തു. തിരക്കിനിടയിലും രോഗികളെ ശുശ്രൂഷിക്കുന്നതിനും ദരിദ്രരെ സംരക്ഷിക്കുന്നതിനും അവൾ സമയം കണ്ടെത്തിയിരുന്നു. രോഗിയിൽ ക്രിസ്തുവിനെ കണ്ട് മുട്ടിന്മേൽ നിന്നാണ് കാഥറിൻ അവരെ ശുശ്രൂഷിച്ചിരുന്നത്.

കാഥറിന്റെ പ്രധാന ധ്യാനവിഷയം കർത്താവിന്റെ പീഢാനുഭവമാണ്. എല്ലാ ആഴ്ചയിലും വ്യാഴാഴ്ച ഉച്ച മുതൽ വെള്ളിയാഴ്ച മൂന്നുമണി വരെ പീഢാനുഭവത്തെപ്പറ്റി ധ്യാനിച്ച് സമാധിയിൽ അമരുമായിരുന്നു. കർത്താവിന്റെ തിരുമുറിവുകൾ അവളിൽ പതിഞ്ഞിരുന്നു.

ശുദ്ധീകരണാത്മാക്കളോട് ഇവൾക്ക് ഉണ്ടായിരുന്ന ഭക്തി എടുത്തുപറയേണ്ടതാണ്. ആരെങ്കിലും മരിക്കുമ്പോൾ നാട്ടുകാർ ഇവളുടെ പ്രാർത്ഥന തേടിയിരുന്നു. തന്റെ പ്രാർത്ഥനവഴി ശുദ്ധീകരണസ്ഥലത്തിൽനിന്ന് രക്ഷപ്പെട്ട ചില ആത്മാക്കൾ അവൾക്ക് പ്രത്യക്ഷപ്പെട്ട് നന്ദി പറഞ്ഞിട്ടുണ്ട്.

അധികം വൈകാതെ രോഗം പിടിപെട്ട കാഥറിൻ വളരെ സന്തോഷത്തോടെ വേദനകൾ സഹിച്ച് 1589 ഫെബ്രുവരി 2-ാം തിയതി കർത്താവിന്റെ കാഴ്ചവെപ്പു തിരുന്നാൾ ദിവസം ഈ ലോകത്തോട് യാത്രപറഞ്ഞു. 1746ൽ 14-ാം ബെനിഡിക്ട് മാർപാപ്പ കാഥറിനെ പുണ്യവതിയെന്നു പേർ വിളിച്ചു.



## കുടുംബ കൂട്ടായ്മ
## വാർത്തകൾ



ഇടവക പള്ളി തിരുനാളിനോട് അനുബന്ധിച്ച് സെൻറ് ആൻറണീസ് യൂണിറ്റ് അംഗങ്ങൾ കുറ്റൂരിലെ സെന്റ് ആൻസ് സദനത്തിൽ കഴിയുന്ന കുഞ്ഞമ്മ ചേച്ചിയെയും ആലീസ് ചേച്ചിയെയും സന്ദർശിക്കുന്നു.

# സ്നേഹസ്മരണയ്ക്ക്



## ചെമ്മണൂർ ലോനപ്പൻ ജോസഫ്

ജനനം : 09 - 01 - 1939    മരണം : 16 - 02 - 2022

നാം ജീവിക്കുന്നുവെങ്കിൽ കർത്താവിനു സ്വന്തമായി ജീവിക്കുന്നു.
മരിക്കുന്നുവെങ്കിൽ കർത്താവിനു സ്വന്തമായി മരിക്കുന്നു.
ആകയാൽ ജീവിച്ചാലും മരിച്ചാലും നാം കർത്താവിനുള്ളവരാണ്.

റോമ 14: 8

**പ്രാർത്ഥനകളോടെ കുടുംബാംഗങ്ങൾ**

സെന്റ് ജോസഫ് കുടുംബകൂട്ടായ്മ






**സാന്റോ തോമസ്**
സെബസ്ത്യാനോസ്



**ബിജോയ് റാഫേൽ**
ടോർക്വാറ്റസ്



**പോളി ആഗസ്റ്റ്യൻ**
ഡയോക്ലിഷൻ



**സെബാസ്റ്റ്യൻ**
ക്രോമേഷ്യസ്



**ജോയ് സി.ഡി.**
പൂജാരി



**ആൻസ് ബെന്നി**
ആഗനസ്





**ഫാ. ജോൺസൺ അന്തിക്കാടൻ**
വികാരി



**ഫാ. ഫിജോ ആലപ്പാടൻ**
രചന - സംവിധാനം



**അൽജോ ജോൺസൺ**
തിബൂർഷ്യസ്



**റോയ് ബന്ധുര**
ട്രാൻക്വിലനസ്



**നിജോ മൈക്കിൾ**
പിതാവ് (സെബസ്ത്യാനോസ്)



**ലിബിസൺ പറമ്പൻ**
ഗുരു



**ലിജി പി. വർഗ്ഗീസ്**
ഐറിൻ



**ലിബിയ ജിൻസൺ**
മാതാവ് (സെബസ്ത്യാനോസ്)





kriti Designer Boutique

Thekkarayail Plaza, P.O. Thiruvambadi Shornur Road
Thirssur. Pin - 680 001

Email : kritidesignboutique@gmail.com

Mob : 9744028099, 9074486520

Bridal Gowns and Designer Lehengas,
Handworked blouse and Sarees,
Designer Kurti Materials,
Customized Holly Communion Dress
and Baptism set, Fabric Dying,
Online Designing.




7-ാം ചരമദിനം
10. 02. 2024

കാഞ്ഞിരത്തിങ്കൽ
ദേവസ്സി ഭാര്യ

# ബേബി

ജനനം: 26.02.1949
മരണം: 04.02.2024

സെന്റ് ജോസഫ് കുടുംബകൂട്ടായ്മ




# ബിഷപ് മാർ റാഫേൽ തട്ടിൽ സീറോമലബാർസഭയുടെ വലിയ ഇടയൻ



ഫ്രാൻസി ആന്റണി

2024 ജനുവരി 8-നു ആരംഭിച്ച മുപ്പത്തിരണ്ടാമതു മെത്രാൻസിനഡിന്റെ ഒന്നാം സമ്മേളനമാണ് രണ്ടാമത്തെ ദിവസം നടത്തിയ വോട്ടെടുപ്പിലൂടെ പുതിയ മേജർ ആർച്ചുബിഷപ്പിനെ തെരഞ്ഞെടുത്തത്. കാനോനിക നടപടികൾ പൂർത്തിയാക്കി മേജർ ആർച്ചുബിഷപ്പിനെ തെരഞ്ഞെടുത്ത വിവരം പരിശുദ്ധ പിതാവിനെ അറിയിച്ചുകൊണ്ടു സിനഡിൽ പങ്കെടുത്ത



പിതാക്കന്മാരെല്ലാം ഒപ്പു വെച്ച കത്തും തന്റെ തെരഞ്ഞെടുപ്പിന് അംഗീകാരം നല്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് സ്വന്തം കൈപ്പടയിൽ നിയുക്ത മേജർ ആർച്ചുബിഷപ് എഴുതിയ കത്തും അപ്പസ്തോലിക്

നുൻഷ്യേച്ചർവഴി മാർപാപ്പയ്ക്കു സമർപ്പിക്കുകയുണ്ടായി. 2024 ജനുവരി 10നു മേജർ ആർച്ചുബിഷപ്പിന്റെ തെരഞ്ഞെടുപ്പിന് അംഗീകാരം നല്കികൊണ്ടുള്ള കത്തു ലഭിച്ചതിനെത്തുടർന്നു നിയുക്ത മേജർ ആർച്ചു ബിഷപ് സിനഡിനുമുൻപിൽ വിശ്വാസപ്രഖ്യാപനവും മേജർ ആർച്ചു ബിഷപ്പിന്റെഉത്തരവാദിത്വങ്ങൾവിശ്വസ്തതയോടെനിർവഹിക്കുമെന്നുള്ള പ്രതിജ്ഞയും നടത്തി. തുടർന്നു സിനഡിന്റെ ഇലക്ഷൻ സമ്മേളനം സമാപിക്കുകയും മേജർ ആർച്ചുബിഷപ്പിന്റെ തെരഞ്ഞെടുപ്പു പ്രഖ്യാപനം നടത്തുകയും ചെയ്തു.

## മാർ ആൻഡ്രൂസ് താഴത്ത് വീണ്ടും സി.ബി.സി.ഐ പ്രസിഡന്റ്



ഭാരത കത്തോലിക്ക മെത്രാൻ സമിതിയുടെ പ്രസിഡന്റായി തൃശൂർ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. ബെംഗളൂരുവിൽ നടന്ന 36-ാമത് ജനറൽ ബോഡി യോഗത്തിന്റെ സെഷനിലാണ് മാർ ആൻഡ്രൂസ് താഴത്ത് സി.ബി.സി.ഐയുടെ പ്രസിഡന്റായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ടത്.2022ലാണ് മാർ ആൻഡ്രൂസ് താഴത്ത് ആദ്യമായി സി.ബി.സി.ഐ അധ്യക്ഷനായത്.



# മുകളിലേക്ക് പോയ സ്വർണ്ണകിരീടം



**ബാബു കുരിയൻ തേറാട്ടിൽ**
റിട്ട. ഡെപ്യൂട്ടി ജനറൽ മാനേജർ
കനറാ ബാങ്ക്

നമ്മുടെ രൂപതയിൽത്തന്നെയുള്ള മറ്റൊരു ഇടവകയിൽ നടന്ന ഒരു സംഭവമാണിവിടെ പറയുന്നത്. ആ ഇടവകയിലെ അംഗങ്ങളുടെ എണ്ണം ക്രമേണ കൂടി വന്നുകൊണ്ടിരുന്നു. അവിടെ ഉണ്ടായിരുന്ന പള്ളിയിലെ സ്ഥലസൗകര്യം അപര്യാപ്തമായി തുടങ്ങി. കുർബ്ബാനകളുടെ എണ്ണം കൂട്ടിയിട്ടും വിശ്വാസികൾ പുറത്തു നിന്നു പങ്കെടുക്കേണ്ട അവസ്ഥ. ക്രിസ്തുമസ്, ഈസ്റ്റർ, പെരുന്നാൾ, വിവാഹങ്ങൾ തുടങ്ങിയ വിശേഷാവസരങ്ങളിൽ സ്ഥിതി കൂടുതൽ ബുദ്ധിമുട്ടായി വന്നു. ഇടവക വികാരിയുടെ നേതൃത്വത്തിൽ കമ്മിറ്റി കൂടി ആലോചിച്ചു. പഴയ പള്ളിയുടെ സ്ഥാനത്തു പുതിയൊരെണ്ണം പണിയുവാനുള്ള തീരുമാനമായി. വിശ്വാസികളുടേയും മറ്റു സുമനസ്സുകളുടേയും അകമഴിഞ്ഞ സഹായസഹകരണം മൂലം പുതിയ വിശാലമായ നല്ലൊരു പള്ളി അവിടെ പണികഴിപ്പിച്ചു. വെഞ്ചിരിപ്പും ഗംഭീരമായി നടത്തി. പുതിയ പള്ളിയിൽ വിശ്വാസികൾ നിൽക്കുന്നതിനു മുന്നിൽ ഒരു വശത്ത് വി. സെബസ്ത്യാനോസിന്റെയും മറുവശത്ത് മാതാവിന്റെയും പ്രതിമകൾ സ്ഥാപിച്ചു. അതിൽ വി. സെബസ്ത്യാനോസിന്റെ പ്രതിമ അമ്പുകൾ തറച്ച് ഒരു മരത്തിൽ ബന്ധിപ്പിച്ച നിലയിലും മാതാവിന്റേത് പിശാചിന്റെ പ്രതീകമായ പാമ്പിനെ ചവിട്ടിനിൽക്കുന്ന നിലയിലും ആയിരുന്നു.

ഏകദേശം ഒരാൾ പൊക്കത്തിലുള്ളവ ആയിരുന്നു ആ പ്രതിമകൾ. ഏവർക്കും തൊട്ടടുത്തുനിന്ന് പ്രാർത്ഥിക്കുവാനായി പ്രത്യേകിച്ച് പീഠങ്ങൾ ഒന്നുമില്ലാതെ തറനിരപ്പിൽ തന്നെയായിരുന്നു അവയുടെ സ്ഥാനം. വിശ്വാസികൾ ധാരാളമായി വന്ന് അവിടെ നിത്യേന പ്രാർത്ഥനയും തുടങ്ങി. ആയിടെ ആണ് ഇടവകയിലെ അംഗമായ ഒരു വിശ്വാസി, അദ്ദേഹം ജോലി ചെയ്തിരുന്ന സ്ഥാപനത്തിൽനിന്ന് വിരമിച്ച് അവിടെ

താമസമാക്കിയത്. നീണ്ട കാലത്തെ ജോലി വലിയ ബുദ്ധിമുട്ടില്ലാതെ ചെയ്ത് വിരമിച്ചതിലുള്ള സന്തോഷത്തിലായിരുന്നു, അദ്ദേഹം. ഇതിന്റെ നന്ദിസൂചകമെന്ന നിലയിൽ അദ്ദേഹം പള്ളിയിലെ മാതാവിന് വിലയേറിയ ഒരു സ്വർണ്ണകിരീടം സംഭാവനയായി സമർപ്പിച്ചു. പിന്നീട് വികാരിയച്ചൻ ശ്രദ്ധിച്ച ഒരു കാര്യം... ധാരാളം ആളുകൾ വന്ന് പ്രാർത്ഥിക്കുന്ന ഇടമാണ് മാതാവിന്റെ പ്രതിമ. അവർ വന്ന് പ്രാർത്ഥിച്ച് മാതാവിനെയും പ്രത്യേകിച്ച് സ്വർണ്ണകിരീടവും തൊട്ട് മുത്തിയാണ് പോയിരുന്നത്. ആർക്കെങ്കിലും ഒരു കുബുദ്ധി തോന്നി ആ സ്വർണ്ണകിരീടം എടുത്തു പോയാൽ...!?

വീണ്ടും കമ്മിറ്റി കൂടി ഈ വിഷയത്തെപ്പറ്റി കാര്യമായി ചർച്ച ചെയ്തു. പരിഹാരമെന്ന നിലയിൽ മാതാവിന്റെ പ്രതിമ ആറടി ഉയരമുള്ള ഒരു പീഠം നിർമ്മിച്ച് അതിനു മുകളിൽ പ്രതിഷ്ഠിച്ചു. അപ്പോൾ ആർക്കും കിരീടത്തിൽ തൊടുവാൻ സാദ്ധ്യമല്ലാതായി. പിന്നീട് സംഭവിച്ചത്.... കുറച്ചു നാൾ കഴിഞ്ഞപ്പോഴാണ് മറ്റൊരു കാര്യം വികാരിയച്ചന്റെ ശ്രദ്ധയിൽപെട്ടത്... വിശ്വാസികൾ വരുന്നുണ്ട്. അവർ മാതാവിനോട് പ്രാർത്ഥിക്കുന്നുണ്ട്. പക്ഷേ പിന്നീട് അവർ തൊട്ടുമുത്തുന്നത് കയ്യെത്തും ഉയരത്തിലുള്ള പിശാചിനെയായിപ്പോയി! അപ്പോഴാണ് പള്ളിയിലെ കപ്യാരിൽനിന്ന് ഈ സംഭവത്തിനൊരു ഗുണപാഠം കൂടി പുറത്തുവന്നത്.

“നമ്മുടെ ജീവിതത്തിൽ സ്വത്തിനും സ്വർണ്ണത്തിനും കൂടുതൽ പ്രാധാന്യം നൽകിയാൽ ദൈവം നമ്മിൽ നിന്നകന്നുപോകുകയും പിശാചിലേക്ക് നാം കൂടുതൽ അടുക്കുകയും ചെയ്യും.”


# FINEX


## Electricals & Sound

**Olarikkara, Thrissur Pin - 680 012**

**Phone : 0487 - 23621976, Res : 2366490, Mob : 9847867312**

**Sound Systems, Generators,**
**I KVA-125 KVA, Illumination, ETC.....**

# വിദ്യാർത്ഥികളോട്.....






പ്രൊഫ. ഡോ. മാണി പീറ്റർ

മത്സരപരീക്ഷകൾക്ക് ഉപകരിക്കുന്ന വിവിധ വിഷങ്ങൾ ഈ ലക്കങ്ങളിലൂടെ നിങ്ങൾ വായിച്ചുകൊണ്ടിരിക്കുകയാണല്ലോ. അഖിലേന്ത്യാ മത്സരപരീക്ഷകളിലും ധാരാളം ചോദ്യങ്ങൾ ചോദിക്കുന്ന ഒരു പ്രധാന വിഷയമാണ് 'ഇന്ത്യൻ ഭരണഘടന'. ഭരണഘടനയെക്കുറിച്ച് നമുക്ക് അറിവ് സമ്പാദിക്കാം.

## ഇന്ത്യൻ ഭരണഘടന

രാജ്യത്തെ ഓരോ പൗരനും നിർബന്ധമായി പിന്തുടരേണ്ടതും അനുസരിക്കേണ്ടതുമാണ് നമ്മുടെ ഭരണഘടന. 1950 ജനുവരി 26-ാം തിയ്യതി ഭരണഘടന നിലവിൽ വന്നു.

## അല്പം ചരിത്രം

ഭരണഘടന തയ്യാറാക്കുന്നതിന്റെ ആദ്യപടി 1946ൽ രൂപീകരിച്ച കോൺസ്റ്റിറ്റ്യുന്റ് അസംബ്ലി ആണ്. ഡോ. രാജേന്ദ്രപ്രസാദ് സ്ഥിരം പ്രസിഡന്റായ ഈ അസംബ്ലി വിവിധ കമ്മിറ്റികൾക്ക് രൂപം നൽകി. ഭരണഘടന കരട് തയ്യാറാക്കുന്നതിനുള്ള കമ്മിറ്റി, കേന്ദ്ര ഭരണഘടനാ കമ്മിറ്റി, പ്രൊവിൻസ് ഭരണഘടന കമ്മിറ്റി, കേന്ദ്ര അധികാര കമ്മിറ്റി, മൗലിക അവകാശങ്ങൾക്കും ന്യൂനപക്ഷങ്ങൾക്കും വേണ്ടിയുള്ള കമ്മിറ്റി, കരട് പരിശോധനാ കമ്മിറ്റി, വിദഗ്ധ സമിതി എന്നിവയാണ് പ്രധാന കമ്മിറ്റികൾ. ഭരണഘടന കരട് തയ്യാറാക്കുന്നതിനുള്ള കമ്മിറ്റി ആണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത്. ഡോ. വി. ആർ. അംബേദ്കർ ആയിരുന്നു ഈ കമ്മിറ്റിയുടെ ചെയർമാൻ. ഇദ്ദേഹത്തെ 'ഇന്ത്യൻ ഭരണഘടനയുടെ ശില്പി' എന്ന് വിശേഷിപ്പിക്കുന്നു. ചുരുങ്ങിയ സമയത്തിനുള്ളിൽ കരട് തയ്യാറാക്കുകയും, 1949 നവംബർ 26-ാം തിയ്യതി ഈ രേഖ ഇന്ത്യയുടെ ഭരണഘടനയായി 'സ്വീകരിക്കുക'യും ചെയ്തു. (adopted). ആദ്യരേഖയിൽ 395 articles ഉം (നിബന്ധനകൾ) 8 പട്ടികകളും ഉണ്ടായിരുന്നു. ഈ 'സ്വീകാര്യമായ' ഭരണഘടനയാണ് 1950ൽ ഔദ്യോഗികമായി നിലവിൽ വന്നത്. കാലക്രമേണ ആർട്ടിക്കിൾസിന്റേയും ഷെഡ്യൂളിന്റേയും എണ്ണം വർദ്ധിക്കുകയുണ്ടായി. ഭരണഘടനയുടെ സവിശേഷതകൾ:

1. **Written Constitution**

ഇന്ത്യൻ ഭരണഘടന എഴുതപ്പെട്ട ഭരണഘടനയാണ്. ലോകത്തിന്റെ ചില ഭാഗങ്ങളിൽ എഴുതപ്പെടാത്ത ഭരണഘടന ഉണ്ടല്ലോ (ഉദാ. യു.കെ.).

2. **Preamble** (ആമുഖം)

ഈ ആമുഖത്തിൽ സമത്വം, തുല്യനീതി, വ്യക്തിയുടെ അന്തസ്സ്, സാഹോദര്യം, രാജ്യസ്നേഹം എന്നീ ഗുണങ്ങൾ എടുത്തുപറയുന്നു. ഇതിന്റെ കൂടെ Socialist (സോഷ്യലിസ്റ്റ്), Secular (മതേതരം), Integrity (സമഗ്രത) എന്നീ പദങ്ങൾ 1976 ൽ കൂട്ടിച്ചേർത്തു.

3. **Government** (സർക്കാർ)

ഇന്ത്യ വിവിധ സംസ്ഥാനങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഫെഡറൽ ഘടനയാണ് എന്ന് എടുത്തുപറയുന്നു. തിരഞ്ഞെടുപ്പിലൂടെ ഓരോ സംസ്ഥാനങ്ങളും സർക്കാരിനെ തിരഞ്ഞെടുക്കുന്നു. ഈ സർക്കാർ സംസ്ഥാന തല നിയമങ്ങൾ രൂപീകരിക്കുന്നു. എന്നാൽ എല്ലാ സംസ്ഥാനങ്ങളും അനുസരിക്കേണ്ട ഫെഡറൽ നിയമങ്ങൾ ഉണ്ട്.

4. **Republic**

മുകളിൽ പറഞ്ഞ ഫെഡറൽ ഘടന രാജ്യത്തെ ഒരു ‘പരമാധികാര റിപ്പബ്ലിക്’ ആക്കുന്നു. ഇന്ത്യ ഒരു പാർലമെന്ററി സമ്പ്രദായം ഉള്ള രാജ്യമാണ്. ഓരോ 5 വർഷം കൂടുമ്പോഴും നമ്മുടെ ഭരണാധികാരികളെ വോട്ടിലൂടെ നാം തിരഞ്ഞെടുക്കുന്നു. (Government of the people, by the people, for the people : Abraham Abraham Lincon)

5. **Fundamental Rights and Duties**

ഭരണഘടനയുടെ ഏറ്റവും മധുരമായ ഭാഗമാണ്, ഭരണഘടന ഉറപ്പുനൽകുന്ന 'Fundamental Rights' (മൗലിക അവകാശങ്ങൾ). ആറ് മൗലിക അവകാശങ്ങൾ ആണ് ഭരണഘടന ഉറപ്പുനൽകുന്നത്.

1. **Right to Equality:** ഭരണഘടന പ്രകാരം എല്ലാവരും തുല്യർ ആണ്.
2. **Right to Freedom:** വ്യക്തി സ്വാതന്ത്ര്യം ഭരണഘടന ഉറപ്പുനൽകുന്നു.
3. **Right against exploitation:** ചൂഷണത്തിനെതിരെയുള്ള സംരക്ഷണം. എല്ലാ തരത്തിലും ഉള്ള ചൂഷണത്തിൽനിന്ന് ഇന്ത്യൻ പൗരൻ സ്വതന്ത്രനാണ്.
4. **Right of Freedom of Religion:** ഏതൊരു മതവിശ്വാസം സ്വീകരിക്കുന്നതിനും ആ വിശ്വാസം സ്വീകരിച്ച് ജീവിക്കുന്നതിനുമുള്ള അവകാശം. ഈ അവകാശം ഓരോ പൗരന്യം സത്യസന്ധമായി അനുസരിക്കുന്നുവെങ്കിൽ വർഗ്ഗീയ കലാപങ്ങൾ ഉണ്ടാകുമായിരുന്നില്ല.
5. Cultural and Education Rights: സാംസ്കാരികവും വിദ്യാഭ്യാസ

പരവുമായ അവകാശങ്ങൾ. ഈ അവകാശത്തിലൂടെ രാജ്യത്തിന്റെ സാംസ്കാരികമായ വൈവിധ്യം അംഗീകരിക്കുന്നു. (Unity in Diversity)

6. **Right to Constitution Remedies:** പൗരന്റെ മൗലിക അവകാശങ്ങൾ നിഷേധിക്കപ്പെട്ടാൽ ഭരണഘടനാപരമായ പരിഹാരങ്ങൾ തേടാം. ചുരുക്കിപ്പറഞ്ഞാൽ 'ഒരു ഇന്ത്യൻ പൗരന്റെ സാമൂഹ്യവും സാംസ്കാരികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ അന്തസ്സ് ഉയർത്തിപ്പിടിക്കുന്നതും ഉറപ്പുവരുത്തുന്നതുമാണ് 'മൗലിക അവകാശങ്ങൾ'.

   മൗലിക അവകാശങ്ങൾ മധുരമാണ്. നാം മൗലിക അവകാശങ്ങൾക്കുവേണ്ടിയും മറ്റ് അവകാശങ്ങൾക്കുവേണ്ടിയും വാദിക്കുന്നു. എന്നാൽ ഭരണഘടന മറ്റൊരു വശം കൂടി നമ്മെ ഓർമിപ്പിക്കുന്നുണ്ട്. 'കടമകൾ'. ഓരോ ഇന്ത്യൻ പൗരനും '11 കടമകൾ' (duties) ഭരണഘടന എടുത്തുപറയുന്നു.

1. To abide by the constution and respect the ideals and institutions.
2. To respect the National Flag and National Anthem.
3. To realize and follow the essential ideals of Secularism, Democracy and Non-violence
4. To preserve the Culture and Heritage
5. To protect the Governance, Unity and Integrity of the Nation.
6. To safeguard the Public Property.
7. To defend the Country at the cost of our life.
8. To protect Natural resources
9. To avoid dowry, gambling and other social evils.
10. To strive towards excellence in the respective spheres of activities of the individuals.
11. Provide opportunities for education to child between age group 6-14.

ഓരോ ഭാരത പൗരനും തങ്ങളുടെ കടമകൾ നിറവേറ്റിയിരുന്നുവെങ്കിൽ 'സമത്വസുന്ദരമായ ഒരു ഇന്ത്യ' സംജാതമാകുമായിരുന്നു. ഈ അവസരത്തിൽ അമേരിക്കൻ പ്രസിഡന്റായിരുന്ന ജോൺ എഫ് കെന്നഡിയുടെ വാക്കുകൾ ഓർക്കുന്നത് നല്ലതാണ്. "Ask not what your Country can do for you; ask what you can do for your Country."

6. **Secularism** (മതേതരത്വം)

ഇന്ത്യ ഒരു മതേതര രാഷ്ട്രമാണ്, പലരും ഭയപ്പെടുന്നപോലെ ഒരു 'ഹിന്ദുരാഷ്ട്രമല്ല'. ഏതു മതവിശ്വാസം സ്വീകരിക്കുവാനുള്ള അവകാശം മൗലിക അവകാശമാണല്ലോ. 'പരിധിവിട്ടുള്ള മതതീവ്രത' രാജ്യത്തെ ശിഥിലമാക്കും.

**7. Independent and Impartial Judiciary**

Legislation, Execution and Judiciary ആണ് ഡിമോക്രസിയുടെ മൂന്ന് തൂണുകൾ എന്ന് നാം പറയാറുണ്ടല്ലോ. നിയമത്തിനുമുൻപിൽ എല്ലാ പൗരന്മാരും സമൻമാർ എന്ന തത്വം ജുഡീഷ്യറി ഉറപ്പുവരുത്തുന്നു. കീഴ്കോടതി മുതൽ സുപ്രീംകോടതി വരെയുള്ള കോടതികളും, Single Bench മുതൽ Constitutional bench വരെയുള്ള ജുഡീഷ്യൽ ലൈൻ അപ് ഓരോ പൗരനും സംരക്ഷണം ഉറപ്പാക്കുന്നു.

8. **Universal Adult Franchise**

പൗരന്റെ വോട്ടവകാശം ജനാധിപത്യത്തിന്റെ കാതലാണല്ലോ. ഇന്ത്യയിൽ 18 വയസ് പൂർത്തിയായ ഓരോ പൗരനും വോട്ടവകാശം ഭരണഘടന ഉറപ്പുനൽകുന്നു. വോട്ടവകാശം ഉറപ്പുവരുത്തുന്നതിനും തിരഞ്ഞെടുപ്പുകൾ നടത്തുന്നതിനും 'പരമാധികാരമുള്ള' ഇലക്ഷൻ കമ്മീഷൻ പ്രവർത്തിക്കുന്നു. 75 വർഷങ്ങൾ പിന്നിട്ടുവെങ്കിലും നമ്മുടെ ജനാധിപത്യവും തിരഞ്ഞെടുപ്പുകളും ഇന്നും ഭദ്രമാണ്.

9. **A Welfare State**

ഇന്ത്യ ഒരു 'ക്ഷേമരാഷ്ട്ര'മാണ്. സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലുള്ളവർക്ക് തൊഴിൽ, വരുമാനം, ഭക്ഷണം, വസ്ത്രം, പാർപ്പിടം, ആരോഗ്യം, അടിസ്ഥാന വിദ്യാഭ്യാസം എന്നിവ ഉറപ്പുവരുത്തുന്നു.

10. **It is Federal in Form but Unitary in Spirit**

"സംസ്ഥാനങ്ങളും യൂണിയൻ ടെറിട്ടറികളും കേന്ദ്രസർക്കാരും വിവിധ സംസ്കാരമുള്ള ജനങ്ങളും, ഭൂപ്രകൃതികളും സമ്മേളിക്കുന്ന സുന്ദരമായ ഭൂപ്രദേശമാണ് ഭാരതം.

11. **Neither too Flexible nor too Rigid**

വളരെ ദീർഘവീക്ഷണത്തോടെ ആണ് ഭരണഘടന ശില്പികൾ ഭരണഘടന തയ്യാറാക്കിയത്. രാജ്യത്തിന്റെ കെട്ടുറപ്പിനുവേണ്ടി വകുപ്പുകൾ വളരെ ശക്തിയായി നിർവചിച്ചിട്ടുണ്ട്, എന്നാൽ കാലാനുസൃതമായ മാറ്റങ്ങൾ കൊണ്ടുവരാനുള്ള സാധ്യതകളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. കഴിഞ്ഞ 75 വർഷത്തിനുള്ളിൽ ധാരാളം ഭേദഗതികൾ ഭരണഘടനയിൽ വരുത്തുകയുണ്ടായി. (Constitutional Amendments). അതിനെ കുറിച്ച് പിന്നീട് വിവരിക്കാം.





Important Parts of Indian Constitution

Pat I - States and Union Territories

Part II - Citizenship

Part III - Fundamental Rights

Part IV - Fundamental Duties

Part V - The Union

Part VI -The States

Part VIII - Union Territories

Part IX - Pachayath

Part XI - Relation between Union and States

Part XV - Elections

Part XVII - Languages

Part XX - Amendments

# Kshema Nidhi 2024 - January

| No | Name of the Unit | Total | Unit | Church |
|---|---|---|---|---|
| 1 | St. Alphonsa | 1870 | 187 | 1683 |
| 2 | St. Anne's | 5780 | 578 | 5202 |
| 3 | St.Antony | | | |
| 4 | Evuprasya | | | |
| 5 | St.George | | | |
| 6 | St.Gonsala | 5800 | 580 | 5220 |
| 7 | St.Ignatius | | | |
| 8 | St.Joseph | | | |
| 9 | St.Martin | | | |
| 10 | St,Mary's | | | |
| 11 | Mother Theressa | | | |
| 12 | St.Paius | | | |
| 13 | St.Sebastin | | | |
| 14 | St.Thomas | | | |
| 15 | St.Xavier | | | |
| 16 | Nirmalalayam | | | 200 |

# "അതിരു കൽപ്പിക്കാൻ വൈകുംതോറും..."





**Br. Rio Capuchin,**
ACC അധ്യാപകൻ,
Calvary Ashram, Thrissur

"ചുവപ്പ് കളർ" അപായ സൂചനകളോട് ചേർത്തു വായിക്കാറുണ്ടെങ്കിലും, കലണ്ട റിലെ ചുവന്ന നിറമുള്ള കോളങ്ങൾ നമുക്ക് ഏറെ ഇഷ്ടമാണ്. കാരണം, ആഘോഷങ്ങൾ പലപ്പോഴും നമ്മുടെ സന്തോഷങ്ങളുടെ അളവുകോലാണ് എന്നതുതന്നെ. ക്രിസ്തു മസ്, ദീപാവലി, ഓണം, അതുകഴിഞ്ഞാൽ പിന്നെ വിഷു, പിന്നെ ഈസ്റ്റർ എന്നിങ്ങനെ പോകും ചുവന്ന ദിവസങ്ങളുടെ കണക്കെടുപ്പ് ഇതിനുപുറമേ അല്ലറച്ചില്ലറ ആഘോഷങ്ങൾ വേറെയും. എന്തൊക്കെപറഞ്ഞാലും ആവർത്തന വിരസതയിൽ നിന്നുള്ള ഒരു റിഫ്രഷ്മെന്റാണ് (Refreshment) ആഘോഷങ്ങൾ തരുന്ന മാനസിക മായ ഒരു ഗുണം.

എന്നാൽ സാമൂഹികമാനം നഷ്ടപ്പെടുന്ന, ആഘോഷങ്ങളുടെ ഉദ്ദേ ശശുദ്ധിയിൽ നിന്നും അകന്നുപോകുന്ന വിനോദങ്ങളെ ആഘോഷ ങ്ങളായി തെറ്റിദ്ധരിക്കാനും സാധ്യമല്ല. സ്വാദാവികമായും ക്രൈസ്തവ ജീവിതത്തിലും അങ്ങനെതന്നെയാണ്. ദൈവത്തിൽ സന്തോഷിക്കുന്ന താണ് ക്രൈസ്തവ ആഘോഷങ്ങളുടെ മർമ്മം. ദൈവത്തിൽ സന്തോഷി ക്കാൻ വകയുള്ളതുകൊണ്ടാണ് ജനനവും, വിവാഹവും, വാർഷികങ്ങളും, തിരുനാളുകളും, വീടുതാമസവുമെല്ലാം നാം ആഘോഷമാക്കി മാറ്റുന്നത്. ആദ്യകാല പാരമ്പര്യത്തിലെ ആഘോഷങ്ങളെല്ലാം 'തിരുനാളു'കളായി രുന്നതും അവയുടെ ദൈവാഭിമുഖ്യം കൊണ്ടായിരുന്നു. ആഘോഷങ്ങൾ ദൈവത്തിനു മുമ്പിലാണെന്ന അവബോധം അവരുടെ ആഘോഷങ്ങളു ടെ ആത്മീയമാനം നിലനിർത്തി.

ആത്മാവും, മനസ്സും, ശരീരവും ഉൾച്ചേർന്ന് സൃഷ്ടിക്കപ്പെട്ട മനുഷ്യൻ, അവന്റെ മഹത്വത്തെ വെറും ശരീരത്തിന്റെ മാത്രം ആഘോഷങ്ങളിലേയ് ക്കും സന്തോഷങ്ങളിലേയ്ക്കും ഒതുക്കിത്തീർക്കുന്നതോടെ, ആഘോഷ ങ്ങളിലെ കൂട്ടായ്മയുടെ പ്രസക്തി നഷ്ടപ്പെട്ടു പോകുന്നു. ഇത്തരത്തിൽ

നമ്മുടെ തിരുനാളുകളും, കൂട്ടായ്മയുടെ അടയാളമായി നിലനിൽക്കണ മെങ്കിൽ അവ സമൂഹത്തിന്റെ ആവശ്യമായി മാറണം. വ്യക്തികേന്ദ്രീകൃ തമായ താൽപര്യങ്ങളേക്കാൾ സമൂഹത്തിന്റെ ആത്മീയവും ഭൗതീകവു മായ ചേർത്തുനിർത്തലിലേയ്ക്ക് വളരാനുമാകണം. ആഘോഷങ്ങളുടെ പേരിൽ ധൂർത്തിനെ ന്യായികരിക്കുമ്പോൾ, പണദുർവ്യയം എന്ന സാമൂ ഹിക തിന്മയ്ക്കെതിരെ സംസാരിക്കാനുള്ള അവകാരം നമുക്ക് നഷ്ടമാകു കയും ചെയ്യും.

ചക്രവർത്തിയുടെ മുൻപിൽ ധീരതയോടെ, ചങ്കുറപ്പോടെ നിന്ന് ക്രി സ്തുവിനെ പ്രഘോഷിച്ച ധീരനായ വിശുദ്ധ സെബസ്റ്റ്യാനോസിന്റെ “തിരു’നാള്, ആഘോഷങ്ങളിൽ മാത്രം ഒതുക്കിതീർക്കുന്ന, അനാവ ശ്യമായ ആഡംംബരങ്ങളോടും, ധൂർത്തിനോടും, ലഹരിപിടിപ്പിക്കുന്ന സുഖങ്ങളോടും “നോ” പറയാൻപറ്റാത്ത ഭീരുക്കളുടെ ‘പെരു’നാളായി മാറുന്നുണ്ടോ എന്ന് ചിന്തിച്ചുനോക്കേണ്ടത് നമ്മെ സംബന്ധിച്ചിടത്തോ ളം ഇന്ന് ഏറെ ആവശ്യമാണ്. അരുതാത്തവയ്ക്ക് അതിരുകൽപ്പിക്കാൻ വൈകുംതോറും, തിരികെ നടക്കാനുള്ള ദുരം ഏറിക്കൊണ്ടിരിക്കും; ഒപ്പം വീഴ്ച്ചയുടെ കാഠിന്യവും!



# കണ്ണീരോർമ്മയായ് സിറിലച്ചൻ





**നിതിൻ ജോസ് മഞ്ഞളി**

വർഷങ്ങൾക്കുമുമ്പ് ഞങ്ങളെ പ്ലസ് വൺ മതബോധന ക്ലാസ്സിൽ പഠിപ്പിക്കാനായി കാൽവരി ആശ്രമത്തിൽനിന്ന് വന്ന സിറിൽ എന്ന കപ്പൂച്ചിൻ ബ്രദറുടെ ആകസ്മിക നിര്യാണം ഞങ്ങളെ ദുഃഖത്തിലാഴ്ത്തി. വളരെ സൗമ്യമായി സംസാരിക്കുകയും സ്നേഹത്തോടെ പെരുമാറുകയും ചെയ്തിരുന്ന ബ്രദറിന്റെ ക്ലാസ്സുകൾ തികച്ചും ഒരു സൗഹൃദ കൂട്ടായ്മയായിരുന്നു. മതബോധനവുമായി ബന്ധപ്പെട്ട എല്ലാ പരിപാടികളിലും താല്പര്യത്തോടെ സഹകരിക്കാൻ ബ്രദറിന്റെ സമീപനരീതി ഞങ്ങളെ പഠിപ്പിച്ചു.

മതബോധന പരിപാടികളിൽ സ്കിറ്റ് അവതരിപ്പിക്കാൻ ബ്രദർ പ്രോത്സാഹനം നൽകുകയും ചെയ്തിരുന്നു. ഞങ്ങളുടെ ക്ലാസ്സിൽ നിന്ന് ആ വർഷം നല്ലൊരു സ്കിറ്റ് അവതരിപ്പിക്കാൻ ഞങ്ങൾക്ക് സാധിച്ചു. മാത്രമല്ല തുടർന്നുള്ള വർഷങ്ങളിൽ അത്തരം സ്കിറ്റുകൾ അവതരിപ്പിക്കാൻ ഞങ്ങൾക്കും മറ്റു ക്ലാസ്സുകാർക്കും അതൊരു പ്രചോദനമായി.

ആ വർഷം തന്നെ തന്റെ വാസസ്ഥലമായ കാൽവരി ആശ്രമം സന്ദർശിക്കാൻ ഞങ്ങളെ അദ്ദേഹം പ്രത്യേകം ക്ഷണിച്ചു. പുറമെ മാത്രം കണ്ടിട്ടുള്ള ആ ആശ്രമത്തിന്റെ അകത്തു പ്രവേശിക്കാനും അവിടെയുള്ള തോട്ടങ്ങളും ഫാമുകളും ക്ലാസ്സുകളും എല്ലാം കണ്ടു മനസ്സിലാക്കാനും അദ്ദേഹം വഴിയൊരുക്കി.

അതുപോലെ ഞങ്ങളുടെ വീടുകളിലേക്കും അദ്ദേഹത്തെ ഞങ്ങൾ ക്ഷണിച്ചു. എന്റെ ഭവനത്തിലും ഒരു നാൾ അദ്ദേഹം എത്തി. ഞങ്ങളുടെ കുടുംബത്തോടൊപ്പം ഭക്ഷണം കഴിച്ചു. സ്വന്തം നാടായ വയ

നാടിനെക്കുറിച്ചും കുടുംബത്തെയും കുടുംബാംഗങ്ങളെക്കുറിച്ചും ഏറെ നേരം ഞങ്ങൾ സംസാരിച്ചിരുന്നത് ഓർക്കുകയാണ്.

ഒരു വർഷം മാത്രമേ ബ്രദറിന്റെ സാമീപ്യം ഞങ്ങൾക്ക് ലഭിക്കുകയുള്ളൂ എന്നതുകൊണ്ട്, അദ്ദേഹത്തിന്റെ അന്നത്തെ യാത്രയയപ്പ് ഞങ്ങൾക്ക് വേദനാജനകമായിരുന്നു. എങ്കിലും തുടർന്നും ഫോണിലൂടെയും മറ്റും ബ്രദറുമായി ഞാൻ ബന്ധപ്പെട്ടിരുന്നു. ഓസ്ട്രേലിയയിൽ ഞാൻ ഉപരിപഠനത്തിനു പോയപ്പോഴും ആ സൗഹൃദം ഞങ്ങൾ തുടർന്നു. ബ്രദറിന് വൈദികപട്ടം ലഭിച്ച് ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ മിഷൻ പ്രവർത്തനത്തിന് പോയപ്പോൾ, അവിടത്തെ വിശേഷങ്ങൾ അദ്ദേഹം ഒരുനാൾ വിവരിച്ചിരുന്നു

എല്ലാ വർഷവും ഒരു മുതിർന്ന സഹോദരനെപ്പോലെ എനിക്ക് ക്രിസ്തുമസ് ആശംസകൾ അയയ്ക്കും. പാതിരാകുർബ്ബാന കഴിഞ്ഞ സമയത്തായിരിക്കും അയയ്ക്കുക. "നിതിൻകുട്ടാ, മെറി ക്രിസ്തുമസ്!" ഇക്കഴിഞ്ഞ വർഷം മാത്രം ആശംസ ലഭിച്ചില്ല. അദ്ദേഹമപ്പോൾ കാൻസർ ബാധിച്ച് ഗുരുതരാവസ്ഥയിലായിരുന്നെന്ന് ഞാനറിഞ്ഞില്ല. ഈ വർഷം നാട്ടിലെ ക്രിസ്തുമസ് ആഘോഷം കഴിഞ്ഞ് തിരികെ ഓസ്ട്രേലിയായിലെത്തിയപ്പോഴാണ് ബ്രദറിന്റെ മരണവാർത്ത അറിയുന്നത്. വിശുദ്ധിയുടെ പടവുകൾ കയറിപ്പോകുന്ന സിറിലച്ചന്റെ ആത്മാവിന് ദൈവകരുണ ലഭിക്കട്ടെ എന്ന് അദ്ദേഹത്തിന്റെ ധന്യമായ സൗഹൃദം അനുഭവിക്കാൻ ഭാഗ്യം ലഭിച്ച നമുക്ക് പ്രാർത്ഥിക്കാം.






## പഴയനിയമം പ്രഭാഷകൻ 46, 47, 48, 49, 50, 51.

### കത്തോലിക്കസഭ ആധാരമാക്കി തയ്യാറാക്കിയത്

1. അമ്മയുടെ ഉദരത്തിൽ വെച്ച് തന്നെ തിരഞ്ഞെടുക്കപ്പെട്ട പ്രവാചകൻ ആര്?
2. ഫ്രാൻസീസ് മാർപാപ്പക്ക് ഏറ്റവും ഇഷ്ടപ്പെട്ട മറിയത്തിന്റെ രൂപം ഏത്?
3. "ഭാരതത്തിന് ആവശ്യം നല്ല മാനസികാരോഗ്യവും ശാരീരികക്ഷമതയും ഉള്ള യുവജനതയെയാണ്" ആരുടെ വാക്കുകളാണ് ഇത്?
4. 'വണ്ടിവേഷങ്ങൾ' എന്ന കഥയുടെ കഥാകൃത്ത് ആര്?
5. വാക്കുകളിൽ വിശ്വാസ്യനായ ദീർഘദർശി എന്ന് അറിയപ്പെട്ടവൻ ആര്?
6. "SWOT' വിപുലീകരിക്കുക.
7. പ്രഭാഷകൻ എന്ന ഗ്രന്ഥത്തിന്റെ കർത്താവ് ആര്?
8. "സ്നേഹം തെളിയിക്കാൻ ........... വലിയൊരു മാർഗ്ഗമില്ല."
9. ഇസ്രയേൽ മക്കളുടെ മുമ്പാകെ ഇറങ്ങിവന്ന് അത്യുന്നതന്റെ ആശീർവാദം നൽകിയത് ആര്?
10. ആറുലക്ഷം യോദ്ധാക്കളിൽ കാനാൻദേശത്ത് പ്രവേശിക്കാൻ അവശേഷിച്ചവർ ആരെല്ലാം?

### ക്വിസ് 11 ഉത്തരങ്ങൾ

1. വി. ഫ്രാൻസീസ് സേവിയർ
2. അഹറോൻ
3. മകൾ
4. ദൈവത്തിന്റെ നിത്യതയേയും നമ്മുടെ ആത്മാവിന്റെ അനശ്വരതയേയും
5. ചന്ദ്രനെ
6. ഹെനോക്ക്
7. സാന്ദ്ര ഡിസൂസ
8. മേഘഗർജ്ജനം കൊണ്ട്
9. കർത്താവ് തന്നെ
10. കുൾത്തൂസ് ദൂളിയെ

### ക്വിസ് വിജയികൾ 11, 10/10

1. റോസി ഫ്രാൻസിസ്
2. ഇ.ജി. ഡേവിസ്
3. ലെയ്സ തോംസൺ
4. ബീന മോഹൻ
5. ഫിന്നി പി.ടി.
6. സിസിലി സി.ഡി.
7. ബിജു പൗലോസ്
8. ഷീല ഡേവിസ്
9. നൈന ബിജു
10. മെറിൻ ഫ്രെഡ്ഡി


9/10

1. സ്നോയിൽ സനിൽ
2. ജോയ്സി ജോർജ്ജ്

6/10

ഇവ മരിയ ഷിന്റോ

# കളറിംഗ് മത്സരം



പേര്........................................................................ക്ലാസ്................................

കുടുംബകൂട്ടായ്മ..........................................ഫോൺ......................................

**പങ്കെടുക്കേണ്ട വിഭാഗങ്ങൾ 1. LKG & UKG, 2. LP , 3. UP,**

## <u>മത്സര വിജയികൾ</u>

**1. LKG & UKG**

**Ist ആൻലിൻ ആൻസൻ**
സെന്റ്.ആന്റണീസ്
**IInd ആൽബിൻ ബ്ലെയ്സ്**
സെന്റ്. ഏവുപ്രാസ്യ

**2. LP**

**Ist ആൻസ്റ്റിൻ ജോയ്**
സെന്റ്. അൽഫോൻസ
**IInd അനുഗ്രഹ് കെ. എസ്**
സെന്റ്. സേവ്യർ

**3. UP**

**Ist സെറ ചാചു ജോസഫ്**
സെന്റ്.ആന്റണീസ്
**2nd ആഗ്ന മരിയ കെ. എൻ**
സെന്റ്.ആന്റണീസ്

# ബൈബിൾ വായനകൾ



## ഫെബ്രുവരി–2024

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | | **1**<br>ഗലാ 3:15 – 20<br>യോഹ 11:17 – 27 | **2**<br>റോമാ 9:30 – 10:4<br>ലൂക്കാ 2:22 – 38 | **3**<br>എഫേ 4:25 – 32<br>മത്താ 6:5 – 15 |
| **4**<br>ദാനി 9:1 – 9<br>കൊളോ 1:12 – 19<br>മർക്കോ 2:1 – 12 | **5**<br>കൊളോ 2:16 – 19<br>മത്താ 12:1 – 8 | **6**<br>ശ്ലീഹ 5:12 – 20<br>മത്താ 12:9 – 14 | **7**<br>ഗലാ 3:7 – 14<br>യോഹ 5:1 – 18 | **8**<br>റോമാ 2:25 – 29<br>മത്താ 12:15 – 21 | **9**<br>വെളി 20:11 – 15<br>യോഹ 5:19 – 29 | **10**<br>വെളി 12:1 – 6<br>യോഹ 2:1 – 11 |
| **11**<br>പുറ 24:12 – 18<br>ഹെബ്രാ 2:10 – 18<br>ലൂക്കാ 4:1 – 13 | **12**<br>ഉത്പ 3:1 – 13<br>റോമ 12:1 – 8<br>മത്താ 21:28 – 32 | **13**<br>ശ്ലീഹ 8:14 – 25<br>മർക്കോ 9:14 – 29 | **14**<br>യാക്കോ 4:1 – 10<br>മത്താ 18:1 – 10 | **15**<br>1 തെസ 2:17 – 3:5<br>ലൂക്കാ 22:24 – 30 | **16**<br>യാക്കോ 1:12 – 18<br>ലൂക്കാ 22:39 – 46 | **17**<br>2 കോറി 2:5 – 11<br>ലൂക്കാ 15:11 – 24 |
| **18**<br>ഉല്പ 13:1 – 13<br>1 തിമോ 6:3 – 10<br>ലൂക്കാ 19:1 – 10 | **19**<br>യാക്കോ 2:1 – 9<br>ലൂക്കാ 16:19 – 31 | **20**<br>യാക്കോ 5:1 – 6<br>ലൂക്കാ 18:18 – 30 | **21**<br>1 തിമോ 6:17 – 21<br>ലൂക്കാ 12:13 – 21 | **22**<br>റോമാ 8:1 – 6<br>മത്താ 6:19 – 24 | **23**<br>യാക്കോ 1:9 – 11<br>4:13 – 16<br>ലൂക്കാ 12:13 – 21 | **24**<br>2 കൊറി 4:7 – 15<br>മത്താ 10:16 – 25 |
| **25**<br>നിയ 15:7 – 15<br>കോറി 8:9 – 15<br>മത്താ 6:1 – 8,16 – 18 | **26**<br>ഫിലി 4:10 – 20<br>മർക്കോ 9:33 – 44 | **27**<br>2 കോറി 9:1 – 5<br>മർക്കോ 12:38 – 44 | **28**<br>2 കോറി 9:6 – 10<br>ലൂക്കാ 6:32 – 38 | **29**<br>യാക്കോ 2:10 – 17<br>മത്താ 7:21 – 28 | | |

# 2-ാം ചരമവാർഷികം
(09. 02. 2023)



## കൊള്ളന്നൂർ മാർട്ടിൻ ഭാര്യ
# ബിജി ജേക്കബ്

ജനനം : 30.06.1988    മരണം : 09.02.2022

മരിക്കാത്ത ഓർമ്മകളുമായ് പ്രാർത്ഥനയോടെ
സന്തപ്ത കുടുംബാംഗങ്ങൾ

സെന്റ് പയസ് കുടുംബക്കൂട്ടായ്മ

# IN LOVING MEMORY

## 1st Death Anniversary



## Edakkolathur John
## George

10 Jan 1930 9 Feb 2023

NIRMALA hiprint ,tsr 2387393